പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 74

# 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം  കേരള നിയമസഭ

ബിൽ നമ്പർ 74

# 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 74

# 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ് (2011-ലെ 5-ാം ആക്റ്റ്) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. ശീർഷകത്തിന്റെ ഭേദഗതി.—2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 5-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ശീർഷകത്തിൽ "ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള" എന്ന വാക്കുകൾക്കു പകരം "ഫിഷറീസ് സമുദ്രപഠന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. പീഠികയുടെ ഭേദഗതി.—പ്രധാന ആക്റ്റിന്റെ പീഠികയിൽ, "പാരിസ്ഥിതികശാസ്ത്രം," എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "മത്സ്യബന്ധനം, ജലകൃഷി, മത്സ്യരോഗ നിയന്ത്രണം, മത്സ്യസംസ്കരണം, മത്സ്യ വിപണനം" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

4. 1-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 1-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള" എന്ന വാക്കുകൾക്ക് പകരം "ഫിഷറീസ് സമുദ്രപഠന" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

5. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ടിലെ 2-ാം വകുപ്പിൽ.—

(1) (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(2) (സി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്; അതായത്:—

"(സിഎ) "പരീക്ഷാ കൺട്രോളർ" എന്നാൽ 41-ാം വകുപ്പ് പ്രകാരം നിയമിച്ച സർവ്വകലാശാലയുടെ പരീക്ഷാ കൺട്രോളർ എന്നർത്ഥമാകുന്നു ;".

(3) (ഇ) ഖണ്ഡത്തിൽ "23-ാം വകുപ്പിൽ" എന്ന അക്കങ്ങൾക്കും ചിഹ്നത്തിനും വാക്കിനും പകരം "25 എ വകുപ്പിൽ" എന്ന വാക്കും അക്കങ്ങളും ചിഹ്നവും ചേർക്കേണ്ടതാണ്;

(4) (ജി) ഖണ്ഡം വിട്ടുകളയേണ്ടതാണ്;

(5) (എച്ച്) ഖണ്ഡത്തിൽ "നിയമിച്ച" എന്ന വാക്കിനുശേഷം "എക്സ്റ്റൻഷൻ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(6) (ജെ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) "എക്സ്റ്റൻഷൻ കൗൺസിൽ" എന്നാൽ ഈ ആക്റ്റിലെ 19 എ വകുപ്പ് പ്രകാരം രൂപീകരിക്കുന്ന എക്സ്റ്റൻഷൻ കൗൺസിൽ എന്നർത്ഥമാകുന്നു ;

(ജെഎ) "ഫാക്കൽറ്റി പഠന ബോർഡ്" എന്നാൽ 25-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് പ്രകാരം ഓരോ ഫാക്കൽറ്റിയിലും രൂപീകരിയ്ക്കുന്ന ഫാക്കൽറ്റി പഠന ബോർഡ് എന്നർത്ഥമാകുന്നു ;".

(7) (ആർ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) "വകുപ്പ് മേധാവി" എന്നാൽ 45-ാം വകുപ്പ് പ്രകാരം നിയമിച്ച ഫാക്കൽറ്റികളിലെ വകുപ്പ് മേധാവി എന്നർത്ഥമാകുന്നു ;".

(8) (റ്റി) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(റ്റിഎ) ലൈബ്രേറിയൻ" എന്നാൽ 40-ാം വകുപ്പ് പ്രകാരം നിയമിച്ച സർവ്വകലാശാലയുടെ ലൈബ്രേറിയൻ എന്നർത്ഥമാകുന്നു ;".

(9) (വൈ) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(വൈഎ) "പ്രോ-വൈസ് ചാൻസലർ" എന്നാൽ 35-ാം വകുപ്പ് പ്രകാരം നിയമിച്ച സർവ്വകലാശാലയുടെ പ്രോ-വൈസ് ചാൻസലർ എന്നർത്ഥമാകുന്നു;";

(10) (എജി), (എഎച്ച്) എന്നീ ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതാണ്;

(11) (എഎം) ഖണ്ഡത്തിനു ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎംഎ) "സർവ്വകലാശാല എഞ്ചിനീയർ" എന്നാൽ 39-ാം വകുപ്പ് പ്രകാരം നിയമിച്ച സർവ്വകലാശാല എഞ്ചിനീയർ എന്നർത്ഥമാകുന്നു;".

6. <u>3-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള" എന്നീ വാക്കുകൾക്കു പകരം "ഫിഷറീസ് സമുദ്രപഠന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (2)-ാം ഉപവകുപ്പിൽ "സ്കൂൾ ഗവേണിംഗ് കൗൺസിൽ, ഡിപ്പാർട്ട്മെന്റൽ ഗവേണിംഗ് കൗൺസിലുകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "എക്സ്റ്റൻഷൻ കൗൺസിൽ, ഫാക്കൽറ്റി പഠന ബോർഡുകൾ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

(3) (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പും ക്ലിപ്തനിബന്ധനയും ചേർക്കേണ്ടതാണ്, അതായത്:—

"(6) കേരള സംസ്ഥാനത്ത് ഫിഷറീസ് സയൻസിലും സമുദ്ര പഠന വിഷയങ്ങളിലും ബിരുദ, ബിരുദാനന്തര കോഴ്സുകൾ ഏർപ്പെടുത്തുന്നതിനുള്ള ചുമതല കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്:

എന്നാൽ ഏതെങ്കിലും കേന്ദ്രനിയമ പ്രകാരം മറ്റേതെങ്കിലും സർവ്വകലാശാലകളിൽ ആരംഭിയ്ക്കുന്ന കോഴ്സുകൾക്ക് ഈ വ്യവസ്ഥ ബാധകമായിരിക്കുന്നതല്ല.".

7. <u>5-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിന്റെ (iv)-ാം ഇനത്തിൽ "അതതു മേഖലകളിൽ" എന്ന വാക്കുകൾക്ക് ശേഷം "വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

8. <u>7-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ,—

(1) (ഇ) ഖണ്ഡത്തിൽ ",സ്കൂളിലോ" എന്ന വാക്കും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

(2) (ഐ) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

(3) (എൽ) ഖണ്ഡത്തിൽ "ബില്ലിലെ" എന്ന വാക്കിനു പകരം "ആക്റ്റിലെ" എന്ന വാക്കു ചേർക്കേണ്ടതാണ്.

(4) (ആർ), (എസ്) എന്നീ ഖണ്ഡങ്ങൾക്കു പകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(ആർ) അദ്ധ്യാപനത്തിനും ഗവേഷണത്തിനും വ്യാപന വിദ്യാഭ്യാസത്തിനും ആവശ്യമായ തസ്തികകൾ സർക്കാരിന്റെ അനുമതിയോടുകൂടി സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് നിർണ്ണയിക്കപ്പെട്ട യോഗ്യത ഉള്ളവരെ നിയമിക്കുകയും ചെയ്യുക ;

(എസ്) ഭരണ നിർവ്വഹണത്തിനും മറ്റുമുള്ള അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സർക്കാരിന്റെ അനുമതിയോടുകൂടി സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക;".

(5) (എക്സ്) ഖണ്ഡത്തിൽ (ii) -ാം ഇനം വിട്ടുകളയേണ്ടതാണ്.

(6) (വൈ) ഖണ്ഡത്തിൽ (viii)-ാം ഇനം വിട്ടുകളയേണ്ടതാണ്.

9. <u>8-ാം വകുപ്പിന്റെ ഭേദഗതി.</u>- പ്രധാന ആക്റ്റിലെ 8-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിൽ "സ്കൂളിന്റെയോ" എന്ന വാക്ക് വിട്ടുകളയേണ്ടതും "ബന്ധപ്പെട്ട ഏതൊരു രേഖയും" എന്ന വാക്കുകൾക്കു ശേഷം ",ഡിജിറ്റലായി സൂക്ഷിക്കുന്നവ അടക്കം," എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതുമാണ്;

(2) (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സർക്കാർ, (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പരിശോധനയോ അന്വേഷണമോ നടത്തുവാൻ ഇടയാക്കുന്നതിന് മുൻപ്, അതതു സംഗതി പോലെ, അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ യഥാവിധിയുള്ള അറിയിപ്പ് കുറഞ്ഞത് പത്ത് ദിവസം മുമ്പായി സർവ്വകലാശാലയ്ക്ക് നൽകേണ്ടതും, അങ്ങനെയുള്ള പരിശോധനയിലോ അന്വേഷണത്തിലോ ഹാജരാകുന്നതിനും ആവശ്യമായ വിവരങ്ങൾ നൽകുന്നതിനുമുള്ള ചുമതല രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്.".

(3) (7)-ാം ഉപവകുപ്പിൽ "ആ നിർദ്ദേശങ്ങൾക്ക്" എന്ന വാക്കുകൾക്ക് പകരം "പ്രസ്തുത നിർദ്ദേശങ്ങൾക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതും, അവസാനമായി "സർവ്വകലാശാലയുടെ ബന്ധപ്പെട്ട അധികാര സ്ഥാപനം അത്തരം നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ബാധ്യസ്ഥമായിരിക്കുന്നതാണ്." എന്ന വാചകം കൂട്ടിച്ചേർക്കേണ്ടതുമാണ്.

(4) നിലവിലുള്ള (8)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തെ സംബന്ധിച്ച് സർക്കാർ ആവശ്യപ്പെടുന്ന ഏതൊരു വിവരവും സമയബന്ധിതമായി നൽകുന്നതിനുള്ള കർത്തവ്യം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.".

10. 9-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിൽ,

"(v) സ്കൂൾ ഗവേണിംഗ് കൗൺസിലുകൾ;

(vi) ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിലുകൾ;

(vii) ഫാക്കൽറ്റികൾ; കൂടാതെ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കറ്റുകൾക്കും ചിഹ്നങ്ങൾക്കും പകരം

"(v) എക്സ്റ്റൻഷൻ കൗൺസിൽ;

(vi) ഫാക്കൽറ്റി പഠന ബോർഡുകൾ; കൂടാതെ" എന്നീ വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്.

11. 10-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(1) എക്സ്-ഒഫീഷ്യോ അംഗങ്ങൾ എന്ന ശീർഷകത്തിൽ,

(i) (vi)-ാം ഇനത്തിൽ "ഫിഷറീസ് വകുപ്പ് ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്ക് പകരം "മത്സ്യബന്ധന വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (vii)-ാം ഇനത്തിൽ "പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "പദവിയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iii) (viii)-ാം ഇനത്തിൽ "പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "പദവിയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(iv) (ix)-ാം ഇനത്തിൽ "പദവിയിൽ താഴെയല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "പദവിയിൽ കുറയാത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(v) (x)-ാം ഇനത്തിൽ "ഫിഷറീസ് ഡയറക്ടർ" എന്ന വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(vi) (x)-ാം ഇനത്തിനു ശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(xi) സർവ്വകലാശാലയിലെ എല്ലാ ഫാക്കൽറ്റികളിലെയും ഡീൻ;

(xii) രജിസ്ട്രാർ;".

(2) "2. <u>നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ</u>" എന്നതിൽ, നിലവിലുള്ള (i), (ii), (iii) എന്നീ ഇനങ്ങൾ വിട്ടുകളയേണ്ടതാണ്;

(3) (7)- ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(8) സർവ്വകലാശാലയിലെ ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ സെനറ്റിലും സ്വാഭാവികമായി അംഗങ്ങളായിരിക്കുന്നതാണ്. സെനറ്റിന്റെ ക്വാറം നിർണ്ണയിക്കുന്നതിനും വോട്ടെടുപ്പിലും ഗവേണിംഗ് കൗൺസിൽ അംഗങ്ങൾ ഉൾപ്പെടുന്നതാണ്.".

12. <u>12-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"12. <u>സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ</u>.—ഗവേണിംഗ് കൗൺസിൽ സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതി ആയിരിക്കുന്നതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

1. <u>എക്സ് ഓഫീഷ്യോ അംഗങ്ങൾ</u>

(i) വൈസ് ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) മത്സ്യബന്ധന വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) ധനകാര്യവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(vi) നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(vii) എല്ലാ ഫാക്കൽറ്റികളിലെയും ഡീൻ;

(viii) രജിസ്ട്രാർ.

2. <u>തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ</u>:

(i) സർവ്വകലാശാല ഫാക്കൽറ്റിയിലെ വകുപ്പുമേധാവികളുടെയും അദ്ധ്യാപകരുടെയും ഇടയിൽ നിന്നും ഒറ്റ വോട്ട് വഴി ഓരോ ഫാക്കൽറ്റിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഓരോ അദ്ധ്യാപകൻ; അവരിൽ കുറഞ്ഞ പക്ഷം ഒരാൾ വനിത ആയിരിക്കേണ്ടതും അവരുടെ ക്രമം ഫാക്കൽറ്റിയുടെ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലായിരിക്കേണ്ടതുമാണ്;

(ii) സർവ്വകലാശാലയിലെ മുഴുവൻ സമയ വിദ്യാർത്ഥികളിൽ നിന്നും വോട്ടുവഴി തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം:

എന്നാൽ തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപക അംഗങ്ങൾക്കോ വിദ്യാർത്ഥി അംഗത്തിനോ തുടർച്ചയായി തെരഞ്ഞെടുക്കപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

3. <u>നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ:</u>

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമസഭാംഗങ്ങൾ;

(ii) ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് (ICAR) ഡയറക്ടർ ജനറലിന്റെ ഒരു പ്രതിനിധി;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും, ഫിഷറീസ്-സമുദ്ര പഠന മേഖലയിൽ പരിജ്ഞാനമുള്ള ഒരു പ്രതിനിധി;

(iv) ഭൗമപഠന മന്ത്രാലയം നാമനിർദ്ദേശം ചെയ്യുന്ന സമുദ്ര പഠനത്തിൽ മികവുറ്റ ഒരു ശാസ്ത്രജ്ഞൻ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യ കർഷക പ്രതിനിധി;

(vi) ഫിഷറീസ് വിഷയത്തിൽ പ്രാവീണ്യമുള്ള, സർവ്വകലാശാലയ്ക്ക് പുറമേ നിന്നുള്ള, പ്രൊഫസർ പദവിയിൽ കുറയാത്ത ഒരു വിദ്യാഭ്യാസ വിചക്ഷണൻ;

(vii) രജിസ്റ്റേർഡ് മത്സ്യതൊഴിലാളി സംഘടനയിൽ നിന്ന് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി;

(viii) ഫിഷറീസ് വ്യവസായ രംഗത്തു നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി;

(ix) ഒരു വനിതാ സാമൂഹ്യ പ്രവർത്തക:

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.”.

13. 13-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "ഓരോ നാലുവർഷം കൂടുമ്പോഴും" എന്ന വാക്കുകൾക്ക് ശേഷം "ചാൻസലർ വിജ്ഞാപനം മുഖേന " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

14. 14-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിലെ (1)-ഉം (2)-ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതും (3)-ാം ഉപവകുപ്പ് പുതുതായി ചേർക്കേണ്ടതുമാണ്, അതായത്:—

“(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ സർവ്വകലാശാലയുടെ പരമാധികാരസ്ഥാനം ആയിരിക്കുന്നതും, അതിന് ഈ ആക്റ്റിനാലോ അതിൻ കീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളോ ഓർഡിനൻസുകളോ റെഗുലേഷനുകളോ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് അക്കാഡമിക് കൗൺസിലോ ഏതെങ്കിലും ഫാക്കൽറ്റിയോ പ്രവർത്തിച്ചിട്ടുള്ള സംഗതികളിലൊഴികെ, അവയുടെ മറ്റു നടപടികൾ പുനഃപരിശോധന നടത്തുന്നതിനും റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതും ഈ ആക്റ്റ് പ്രകാരം മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്ത് മറ്റാർക്കും നൽകിയിട്ടില്ലാത്ത പക്ഷം, സർവ്വകലാശാലയുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാവുന്നതുമാണ്:

എന്നാൽ അക്കാഡമിക് കൗൺസിലോ ഏതെങ്കിലും ഫാക്കൽറ്റിയോ മുകളിൽ പറഞ്ഞ, അങ്ങനെയുള്ള അധികാരങ്ങൾക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉണ്ടാകുന്ന പക്ഷം ആ പ്രശ്നത്തിന്മേൽ സർക്കാരിന്റെ കൂടി അഭിപ്രായം പരിഗണിച്ച ശേഷം അതിനനുസൃതമായി, പ്രശ്നം ഉൽഭവിച്ച് നാലുമാസത്തിനുള്ളിൽ ചാൻസലർ തീർപ്പ് കൽപ്പിക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നുമാത്രമല്ല നൽകപ്പെട്ട സമയത്തിനുള്ളിൽ ചാൻസലർ പ്രശ്നം തീർപ്പാക്കാത്ത പക്ഷം അതിൻമേൽ ഗവേണിംഗ് കൗൺസിൽ കൈക്കൊണ്ട തീരുമാനങ്ങളും നടപടികളും അന്തിമമായി തീരുന്നതാണ്.

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ചാൻസലറുടെ പരിഗണനയ്ക്കും അനുമതിയ്ക്കും വിധേയമായി സ്വമേധയാ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് കരട് രൂപപ്പെടുത്തുക;

(ബി) ഈ ആക്റ്റിലെയും അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റെഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും വിദ്യാർത്ഥി സ്കോളർഷിപ്പുകളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും അനുമതി നൽകുക;

(സി) പ്രൊഫസർഷിപ്പുകളും അസോസിയേറ്റ് പ്രൊഫസർഷിപ്പുകളും അസിസ്റ്റൻറ് പ്രൊഫസർഷിപ്പുകളും ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള മറ്റ് അദ്ധ്യാപക ഗവേഷണ തസ്തികകളും സർക്കാരിന്റെ അനുമതിയോടുകൂടി ഏർപ്പെടുത്തുക;

(ഡി) ആവശ്യമെന്ന് കരുതുന്ന അങ്ങനെയുള്ള സ്ഥാപനങ്ങൾ സർക്കാരിന്റെ അനുമതിയോടുകൂടി സ്ഥാപിക്കുകയും നടത്തിപ്പോരുകയും ചെയ്യുക;

(ഇ) സർവ്വകലാശാലാ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവനം നിശ്ചയിക്കുകയും അവരുടെ ചുമതലകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുകയും ചെയ്യുക;

(എഫ്) സർവ്വകലാശാലാ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും വേതനം സർക്കാരിന്റെ അനുമതിയോടുകൂടി നിശ്ചയിക്കുക;

(ജി) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും ആഡിറ്റ് റിപ്പോർട്ടുകളും പരിശോധിക്കുകയും, അവ സംബന്ധിച്ച അതിന് യുക്തമെന്ന് കരുതുന്ന നടപടികൾ സ്വീകരിക്കുകയും, സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി ബഡ്ജറ്റ് പരിഗണനയ്ക്കെടുത്ത് പാസ്സാക്കുകയും ചെയ്യുക;

(എച്ച്) സ്റ്റാറ്റ്യൂട്ടുകളിലെയോ, റെഗുലേഷനുകളിലേയോ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതൊരു ബിരുദമോ ഡിപ്ലോമയോ പദവിയോ അല്ലെങ്കിൽ മറ്റേതെങ്കിലും ബഹുമതിയോ റദ്ദാക്കുകയോ സർവ്വകലാശാല നടത്തിയ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(ഐ) അന്വേഷണ സമിതികളെ നിയമിക്കുകയും, അവയ്ക്ക്, അത് യുക്തമെന്ന് കരുതുന്ന സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ കർത്തവ്യങ്ങൾ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുക;

(ജെ) സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ രീതിയും സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെയും അക്കാഡമിക് കൗൺസിലിന്റെയും സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളുടെയും യോഗങ്ങളിൽ അനുവർത്തിക്കേണ്ടതായ നടപടിക്രമവും സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ ക്വാറവും ക്രമപ്പെടുത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക;

(കെ) അത് നിർണ്ണയിക്കുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും വേണ്ടി ഭാരതത്തിനകത്തും വിദേശത്തുമുള്ള മറ്റ് സർവ്വകലാശാലകളുമായി ബന്ധം സ്ഥാപിക്കുക;

(എൽ) സർവ്വകലാശാലയുടെ സ്വത്തുക്കളും ഫണ്ടുകളും കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക;

(എം) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപവും അതിന്റെ സൂക്ഷിപ്പും ഉപയോഗവും സംബന്ധിച്ച് നിർദ്ദേശം നൽകുക;

(എൻ) ക്ലാസ് മുറികൾ, ലാബുകൾ, ഹോസ്റ്റലുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പരിശോധനയ്ക്ക് ഏർപ്പാട് ചെയ്യുക;

(ഒ) കാലാകാലങ്ങളിൽ ആവശ്യമെന്നു കരുതുന്ന കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും നടത്തിപ്പോരുകയും ചെയ്യുക;

(പി) സർവ്വകലാശാലയിൽ അദ്ധ്യാപകരേയും മറ്റു അനദ്ധ്യാപക ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(ക്യൂ) അദ്ധ്യാപക തസ്തികകൾ, ഭരണപരമായ തസ്തികകൾ, മറ്റു വിധത്തിൽ ആവശ്യമുള്ള അനദ്ധ്യാപക തസ്തികകൾ എന്നിവ സർക്കാരിന്റെ അനുമതിയോടെ സൃഷ്ടിക്കുക;

(ആർ) സർവ്വകലാശാലയിലെ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും അവരുടെ ഭാഗം ബോധിപ്പിക്കുന്നതിന് ന്യായമായ അവസരം നൽകിയതിന് ശേഷം, സേവനത്തിൽ നിന്നും താൽക്കാലികമായി മാറ്റി നിർത്തുകയോ പിരിച്ചു വിടുകയോ അവർക്കെതിരായി മറ്റു വിധത്തിലുള്ള ഏതെങ്കിലും അച്ചടക്ക നടപടി സ്വീകരിക്കുകയോ ചെയ്യുക;

(എസ്) വിദ്യാർത്ഥികളുടെ താമസം, അച്ചടക്കം എന്നിവയുടെ മേൽനോട്ടവും നിയന്ത്രണവും നടത്തുക;

(റ്റി) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസരിച്ച് പരിഗണിക്കുക;

(യു) സർവ്വകലാശാല പരീക്ഷകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും അവയുടെ ഫലം അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

(വി) സർവ്വകലാശാലയുടെ പരീക്ഷ പാനൽ, ഇന്റർവ്യൂ ബോർഡ്, മറ്റ് കമ്മിറ്റികൾ എന്നിവയിൽ നിയോഗിക്കപ്പെടുന്ന വിദഗ്ധരുടെ പ്രതിഫലം നിശ്ചയിക്കുക;

(ഡബ്ല്യൂ) വൈസ് ചാൻസലർക്കോ, ഗവേണിംഗ് കൗൺസിലിലെ അംഗങ്ങളുടെ ഇടയിൽ നിന്ന് നിയമിക്കപ്പെട്ട ഒരു സമിതിക്കോ, അതിന്റെ ഏതെങ്കിലും അധികാരങ്ങൾ ഏല്പിച്ച് കൊടുക്കുക;

(എക്സ്) സർവ്വകലാശാലയുടെ അക്കാഡമിക പുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ പരിഗണനയ്ക്കെടുക്കുക, കൂടാതെ

(വൈ) ഈ ആക്റ്റിനാലോ സ്റ്റാറ്റ്യൂട്ടുകളാലോ ഏല്പിച്ച് കൊടുക്കുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

(3) സെനറ്റ് കൈക്കൊള്ളുന്ന തീരുമാനങ്ങൾ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കും സ്റ്റാറ്റ്യൂട്ടുകൾക്കും അനുസൃതമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം ഗവേണിംഗ് കൗൺസിലിൽ നിക്ഷിപ്തമായിരിക്കും.” .

15. <u>15-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

“ (1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ അതിലെ എല്ലാ അംഗങ്ങൾക്കും യഥാവിധി നോട്ടീസ് നൽകിയതിന് ശേഷം കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ, വൈസ് ചാൻസലർ നിശ്ചയിക്കുന്ന തീയതിയിൽ, യോഗം ചേരേണ്ടതാണ്. ഇപ്രകാരം ഗവേണിംഗ് കൗൺസിൽ യോഗം ചേരാത്തപക്ഷം ആയതിനുള്ള തൃപ്തികരമായ വിശദീകരണം തുടർന്ന് വരുന്ന യോഗത്തിൽ വൈസ് ചാൻസലർ നൽകേണ്ടതും ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്. എന്നാൽ ഗവേണിംഗ് കൗൺസിലിലെ മൂന്നിൽ ഒന്നിൽ കൂടുതൽ അംഗങ്ങൾ ഒപ്പുവച്ച ലിഖിതമായ അഭ്യർത്ഥനയിന്മേൽ വൈസ് ചാൻസലർ പ്രസ്തുത അഭ്യർത്ഥന ലഭിച്ച തീയതി മുതൽ ഏഴ് ദിവസങ്ങൾക്കകം യോഗം വിളിച്ചു കൂട്ടേണ്ടതാണ്.” .

16. <u>17-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:-

“17. <u>അക്കാഡമിക് കൗൺസിലിന്റെ രൂപീകരണം</u>.—(1)അക്കാഡമിക് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും, ഓരോ നാലു വർഷം കൂടുമ്പോഴും ചാൻസലർ വിജ്ഞാപനം വഴി അതു പുനഃസംഘടിപ്പിക്കേണ്ടതുമാണ്, അതായത്:—

(i) വൈസ് ചാൻസലർ - ചെയർപേഴ്സൺ;

(ii) പ്രോ-വൈസ് ചാൻസലർ - വൈസ് ചെയർപേഴ്സൺ;

(iii) എല്ലാ ഫാക്കൽറ്റികളുടെയും ഡീൻ;

(iv) റിസർച്ച് ഡയറക്ടർ;

(v) എക്സ്റ്റൻഷൻ ഡയറക്ടർ;

(vi) ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(vii) സി.എം.എഫ്.ആർ.ഐ.(CMFRI) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി;

(viii) സി.ഐ.എഫ്.റ്റി. (CIFT) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി;

(ix) എൻ.ഐ.ഒ. (NIO) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി;

(x) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത, സർവ്വകലാശാലക്ക് പുറത്തുനിന്നുള്ള, ഒരു ഫിഷറീസ് സയൻസ് വിദ്യാഭ്യാസ വിചക്ഷണൻ;

(xi) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത, സർവ്വകലാശാലയ്ക്ക് പുറത്തുനിന്നുള്ള ഒരു സമുദ്ര പഠന വിദ്യാഭ്യാസ വിചക്ഷണൻ;

(xii) ഓരോ ഫാക്കൽറ്റിയിലേയും വകുപ്പ് മേധാവികൾ ഉൾപ്പെടെയുള്ള അദ്ധ്യാപകർ അവരുടെ ഇടയിൽ നിന്നും വോട്ടു വഴി തിരഞ്ഞെടുക്കപ്പെടുന്ന പ്രൊഫസർ പദവിയിൽ കുറയാത്ത ഒരംഗം;

(xiii) സർവ്വകലാശാലയിലെ ബിരുദ വിദ്യാർത്ഥികളിൽ നിന്നും വോട്ടുവഴി തിരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം;

(xiv) സർവ്വകലാശാലയിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളിൽ നിന്നും വോട്ടു വഴി തിരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം;

(xv) സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും വോട്ട് വഴി തെരഞ്ഞെടുക്കപ്പെടുന്ന ഒരു അംഗം;

(xvi) രജിസ്ട്രാർ - മെമ്പർ സെക്രട്ടറി.

(2) അക്കാഡമിക് കൗൺസിൽ കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്. വൈസ് ചാൻസലറുടെ അഭാവത്തിൽ അക്കാഡമിക് കൗൺസിലിന്റെ അദ്ധ്യക്ഷ സ്ഥാനം പ്രോ-വൈസ് ചാൻസലർ വഹിക്കേണ്ടതാണ്.

(3) അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ ക്വാറം കൗൺസിലിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ്." .

17. 18-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ,—

(1) (ഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

" (ഡി) സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാക്കൽറ്റികളിലെയോ, മറ്റു സ്ഥാപനങ്ങളിലെയോ അദ്ധ്യാപകരുടെ യോഗ്യതകൾ ഫാക്കൽറ്റി പഠന ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുക;";

(2) (ജെ) ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) ഫാക്കൽറ്റി പഠന ബോർഡുകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, അദ്ധ്യാപനവുമായി ബന്ധപ്പെട്ട പദ്ധതികൾ അംഗീകരിയ്ക്കുകയോ, രൂപഭേദപ്പെടുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യുക;".

18. 19-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിന്റെ (1)-ഉം (2)-ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (1) റിസർച്ച് കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും ഓരോ നാല് വർഷം കൂടുമ്പോഴും ചാൻസലർ, വിജ്ഞാപനം വഴി പുനസംഘടിപ്പിക്കേണ്ടതുമാണ്, അതായത്:—

(i) വൈസ് ചാൻസലർ - ചെയർ പേഴ്സൺ;

(ii) പ്രോ-വൈസ് ചാൻസലർ;

(iii) റിസർച്ച് ഡയറക്ടർ - മെമ്പർ സെക്രട്ടറി;

(iv) എക്സ്റ്റൻഷൻ ഡയറക്ടർ;

(v) എല്ലാ ഫാക്കൽറ്റികളുടെയും ഡീൻ;

(vi) എല്ലാ ഫാക്കൽറ്റിയിൽ നിന്നും ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത അംഗീകൃത ഗൈഡ് ആയ ഒരു മുതിർന്ന ഫാക്കൽറ്റി അംഗം;

(vii) ഓരോ റീജിയണൽ കേന്ദ്രത്തിലെയും ഡയറക്ടർ;

(viii) സി.എം.എഫ്.ആർ.ഐ. (CMFRI) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി;

(ix) സി.ഐ.എഫ്.റ്റി. (CIFT) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി;

(x) എൻ.ഐ.ഒ. (NIO) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന പ്രിൻസിപ്പൽ സയന്റിസ്റ്റിന്റെ പദവിയിൽ കുറയാത്ത ഒരു പ്രതിനിധി;

(xi) ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(xii) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത മത്സ്യ സംസ്കരണ വ്യവസായികളിൽ നിന്നുള്ള ഒരു പ്രതിനിധി;

(xiii) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത ഒരു മത്സ്യ കർഷക പ്രതിനിധി; കൂടാതെ

(xiv) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത മത്സ്യബന്ധന വ്യവസായികളിൽ നിന്നുള്ള ഒരു പ്രതിനിധി.

(2) സർവ്വകലാശാലയുടെ ഗവേഷണ നയങ്ങൾ രൂപീകരിക്കുക, " ത്രസ്റ്റ് ഏരിയകൾ" കണ്ടെത്തി ഗവേഷണ പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യുക, ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക, ഗവേഷണ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക, ഗവേഷണ പ്രവർത്തനത്തിന് സാദ്ധ്യതയുള്ള ഫണ്ടിംഗ് ഏജൻസികളെ കണ്ടെത്തുക, ഗവേഷണത്തിന് ആവശ്യമായ ഭൗതീക സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുക, പൊതു-സ്വകാര്യ പങ്കാളിത്ത ഗവേഷണം പ്രോത്സാഹിപ്പിക്കുക, ഗവേഷണ പദ്ധതികളുടെ നിരീക്ഷണവും അവലോകനവും നടത്തുക, വാർഷിക ഗവേഷണ റിപ്പോർട്ട് അംഗീകരിക്കുക എന്നിവ റിസർച്ച് കൗൺസിലിന്റെ ചുമതലകളായിരിക്കുന്നതാണ്.".

19. <u>19-ാം വകുപ്പിനു ശേഷം പുതിയ വകുപ്പ് ചേർക്കൽ.</u>—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"19 എ. എക്സ്റ്റൻഷൻ കൗൺസിൽ.—(1) എക്സ്റ്റൻഷൻ കൗൺസിലിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതും ഓരോ നാലു വർഷം കൂടുമ്പോഴും ചാൻസലർ, വിജ്ഞാപനം വഴി പുന:സംഘടിപ്പിക്കേണ്ടതുമാണ്, അതായത്:-

(i) വൈസ് ചാൻസലർ - ചെയർപേഴ്സൺ;

(ii) പ്രോ-വൈസ് ചാൻസലർ;

(iii) എക്സ്റ്റൻഷൻ ഡയറക്ടർ - മെമ്പർ സെക്രട്ടറി;

(iv) റിസർച്ച് ഡയറക്ടർ;

(v) എല്ലാ ഫാക്കൽറ്റികളുടെയും ഡീൻ;

(vi) ഓരോ റീജിയണൽ കേന്ദ്രത്തിലെയും ഡയറക്ടർ;

(vii) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത സർവ്വകലാശാലയ്ക്ക് പുറത്ത് നിന്നുള്ള, രണ്ട് വ്യാപന വിദ്യാഭ്യാസ വിചക്ഷണർ;

(viii) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത മികച്ച ഒരു മത്സ്യ കർഷക പ്രതിനിധി;

(ix) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത ഒരു മത്സ്യത്തൊഴിലാളി പ്രതിനിധി; കൂടാതെ

(x) ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് വകുപ്പിലെ ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ.

(2) സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന നയങ്ങൾ രൂപീകരിയ്ക്കുക, വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യുക, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുക, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ക്രോഡീകരിയ്ക്കുക, കർഷകർക്ക്/മത്സ്യത്തൊഴിലാളികൾക്ക് വിദ്യാഭ്യാസം, പരിശീലനം, സാങ്കേതിക ഉപദേശം എന്നിവ നൽകുക, വ്യാപന വിദ്യാഭ്യാസത്തിന്റെ നിരീക്ഷണവും അവലോകനവും നടത്തുക, വാർഷിക വിജ്ഞാന വ്യാപന പ്രവർത്തന റിപ്പോർട്ട് അംഗീകരിക്കുക എന്നിവ എക്സ്റ്റൻഷൻ കൗൺസിലിന്റെ ചുമതലകളായിരിക്കുന്നതാണ്.

(3) എക്സ്റ്റൻഷൻ കൗൺസിൽ കുറഞ്ഞത് ആറ് മാസത്തിലൊരിയ്ക്കൽ യോഗം ചേരേണ്ടതാണ്.

(4) എക്സ്റ്റൻഷൻ കൗൺസിൽ യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ പകുതി ആയിരിക്കുന്നതാണ്.

20. 20-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

21. 21-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 21-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

22. 22-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

23. 23-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

24. 24-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

25. 25-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിന്റെ (2), (3), (4), (5), (6) എന്നീ ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

" (2) സർവ്വകലാശാലയിൽ താഴെപ്പറയുന്ന ഫാക്കൽറ്റികൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ്;

(ii) ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആന്റ് ടെക്നോളജി;

(iii) ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ്;

(iv) ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിംഗ്.

(3) ഓരോ ഫാക്കൽറ്റിയിലും വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള വകുപ്പുകളും പഠനവിഷയങ്ങളുടെ സിലബസ്സുകളും അടങ്ങിയിരിക്കുന്നതാണ്.

(4) ഓരോ ഫാക്കൽറ്റിയിലും താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഓരോ ഫാക്കൽറ്റി പഠന ബോർഡ് രൂപീകരിക്കേണ്ടതാണ്, അതായത്:—

(i) അതാത് ഫാക്കൽറ്റിയിലെ ഡീൻ- എക്സ്-ഒഫിഷ്യോ ചെയർപേഴ്സൺ;

(ii) അതാത് ഫാക്കൽറ്റിയിലെ എല്ലാ വകുപ്പുകളുടെയും മേധാവിമാർ;

(iii) ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്നതും സർവ്വകലാശാലയിൽ നിന്നും ശമ്പളം പറ്റുന്നതല്ലാത്തതുമായ നാല് വിഷയവിദഗ്ദ്ധർ;

(iv) അതാത് ഫാക്കൽറ്റിയിലെ വകുപ്പുമേധാവികൾ ഒഴികെയുള്ള അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ നിന്നും അവർ വോട്ട് വഴി തെരഞ്ഞെടുക്കുന്ന രണ്ട് പേർ ; കൂടാതെ

(v) അതാത് ഫാക്കൽറ്റിയിലെ വകുപ്പു മേധാവികൾ ഒഴികെയുള്ള അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിന്നും അവർ വോട്ട് വഴി തെരഞ്ഞെടുക്കുന്ന രണ്ട് പേർ.

(5) ബന്ധപ്പെട്ട ഫാക്കൽറ്റിയിലെ അദ്ധ്യാപന, ബോധന പ്രക്രിയകൾ പുന:പരിശോധിക്കുക, അവ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക, കരിക്കുലം/സിലബസ് പരിഷ്കരണത്തിന് വേണ്ടി അക്കാഡമിക് കൗൺസിലിന് ശിപാർശകൾ നൽകുക എന്നിവ ഫാക്കൽറ്റി പഠന ബോർഡിന്റെ ചുമതലകളായിരിക്കുന്നതാണ്.

(6) ഓരോ നാല് വർഷം കൂടുമ്പോഴും, വൈസ് ചാൻസലർ ഉത്തരവ് വഴി ഫാക്കൽറ്റി പഠന ബോർഡിനെ പുനഃസംഘടിപ്പിക്കേണ്ടതാണ്.".

26. 25-ാം വകുപ്പിന് ശേഷം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 25 എ. വകുപ്പുകൾ.—(1) ഓരോ ഫാക്കൽറ്റിക്കും കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വകുപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

(2) ഓരോ വകുപ്പിനും ഓരോ മേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്.

(3) വകുപ്പിന്റെ മേധാവി അതിന്റെ എക്സിക്യൂട്ടീവ് മേധാവി ആയിരിക്കുന്നതും വകുപ്പിനെ സംബന്ധിച്ചുള്ള സ്റ്റാറ്റ്യൂട്ടുകളും, ഓർഡിനൻസുകളും, റെഗുലേഷനുകളും വിശ്വസ്തമായി അനുസരിക്കുന്നതിനും അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളിലെ അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ ജോലികൾ എന്നിവ നടത്തുന്നതിനും സംഘടിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

(4) ഒരു വകുപ്പ് മേധാവിയുടെ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അദ്ധ്യാപനം, ഗവേഷണം, വിജ്ഞാന വ്യാപനം, വിപുലീകരണ പരിപാടികൾ എന്നിവയ്ക്ക് അദ്ദേഹം ഫാക്കൽറ്റിയുടെ ഡീനിനോട് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നതാണ്.

(5) ഒരു ഫാക്കൽറ്റിയുടെ കീഴിലെ വകുപ്പുകൾ സംയോജിപ്പിക്കുന്നതിനോ വിഭജിക്കുന്നതിനോ പുതിയ വകുപ്പുകൾ രൂപീകരിക്കുന്നതിനോ നിലവിലുള്ളത് നിർത്തലാക്കുന്നതിനോ അതത് ഫാക്കൽറ്റി പഠന ബോർഡ് ശിപാർശ ചെയ്യേണ്ടതും, ആയത് അക്കാഡമിക് കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി ഗവേണിംഗ് കൗൺസിൽ ഭേദഗതിയോടെയോ അല്ലാതെയോ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതുമാണ്." .

27. 26-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"26. ഫാക്കൽറ്റി പഠന ബോർഡിന്റെ അധികാരങ്ങളും ചുമതലകളും.— ഫാക്കൽറ്റി പഠന ബോർഡിന് താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) ഫാക്കൽറ്റിയിലെ ഭരണപരവും പാഠ്യപരവുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ നയങ്ങളും ഫാക്കൽറ്റി പഠന ബോർഡ് അതിന്റെ യോഗത്തിൽ എടുക്കേണ്ടതാണ്;

(ii) ഫാക്കൽറ്റിയിലെ പരീക്ഷയും അതിന്റെ ഫലം ഉൾപ്പെടെയുള്ള എല്ലാ അക്കാഡമിക വിഷയങ്ങളെ സംബന്ധിച്ചും ഗവേണിംഗ് കൗൺസിലിൽ നിന്നുള്ള നിർദ്ദേശം പരിശോധിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്;

(iii) ഓരോ ഫാക്കൽറ്റിയിലേയും എക്സാമിനർക്കു വേണ്ട യോഗ്യത ശിപാർശ ചെയ്യേണ്ടതാണ്;

(iv) പഠന ബോർഡ് കുറഞ്ഞത് ആറ് മാസത്തിൽ ഒരു തവണയെങ്കിലും അല്ലെങ്കിൽ എപ്പോഴെല്ലാമോ ഫാക്കൽറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ടോ അപ്പോഴെല്ലാമോ, പാഠ്യപദ്ധതിയുടെ ആവശ്യാനുസരണമുള്ള മാറ്റത്തിന്മേൽ തീരുമാനം എടുക്കേണ്ടപ്പോഴോ യോഗം ചേരേണ്ടതാണ്;

(v) അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും അദ്ധ്യാപന ഗവേഷണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഗവേഷണ വിഭാഗത്തിന്റെ നടത്തിപ്പിനും നിലനിർത്തലിനുമുള്ള ചുമതല ഫാക്കൽറ്റി പഠന ബോർഡിന് ഉണ്ടായിരിക്കുന്നതാണ്.

(vi) (i) മുതൽ (v) വരെയുള്ള ഖണ്ഡങ്ങളിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ ഫാക്കൽറ്റി പഠന ബോർഡിന് താഴെപ്പറയുന്ന കാര്യങ്ങളിൽ ആവശ്യമായ ശിപാർശ സർവ്വകലാശാലയ്ക്ക് നൽകാവുന്നതാണ്, അതായത്:—

(എ) പുതിയ പഠന കോഴ്സുകൾ നിർദ്ദേശിക്കുകയും;

(ബി) ഫാക്കൽറ്റിയിലെ അദ്ധ്യാപകർക്കുള്ള യോഗ്യതകൾ നിർദ്ദേശിക്കുകയും;

(സി) വിവിധ പഠന കോഴ്സുകളിലേക്കും പരീക്ഷകൾക്കും പ്രവേശനം നൽകുന്നതിന് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിർണ്ണയിക്കുകയും ഏതു വ്യവസ്ഥകൾ പ്രകാരം അവയിൽ നിന്ന് ഒഴിവാക്കാമെന്ന് നിശ്ചയിക്കുകയും ചെയ്യുകയും;

(ഡി) ഫാക്കൽറ്റി പഠന ബോർഡിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള പഠന വിഭാഗങ്ങളിൽ അദ്ധ്യാപനവും പരിശീലനവും നൽകുന്നതിനുള്ള നിർദ്ദേശം നൽകുകയും;

(ഇ) ഫാക്കൽറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വകുപ്പുകളും, അദ്ധ്യാപക തസ്തികകളും സൃഷ്ടിക്കാൻ ശിപാർശ നൽകുകയും;

(എഫ്) അദ്ധ്യാപനം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നിവ മെച്ചപ്പെടുത്തുന്നതിനും സിലബസ് രൂപീകരണത്തിനും നാല് വർഷം അധികരിയ്ക്കാത്ത തരത്തിൽ ആയതിന്റെ പരിഷ്കരണത്തിനും നിർദ്ദേശം നൽകുകയും, ചെയ്യുക;

(vii) ഈ ആക്റ്റും അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റെഗുലേഷനുകളും പ്രകാരം അതിന് നൽകുന്നതോ നിക്ഷിപ്തമാക്കുന്നതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക;

(viii) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിലും അക്കാഡമിക് കൗൺസിലും ഉൾപ്പെടെ മറ്റേതൊരു കമ്മിറ്റിയും അതിന്റെ അഭിപ്രായത്തിന് അയയ്ക്കുന്ന ഏതൊരു കാര്യവും പരിഗണിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(ix) ഭരണപരമോ സാമ്പത്തികമോ അക്കാഡമികമോ ആയ കാര്യങ്ങൾ പരിഗണിയ്ക്കുകയും ശിപാർശ നൽകുകയും ചെയ്യുക;

(x) താഴെപ്പറയുന്ന കാര്യങ്ങൾക്ക് വേണ്ടി അക്കാഡമിക് കൗൺസിൽ തയ്യാറാക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുക, അതായത്:—

(എ) ദീർഘകാല പാഠ്യപദ്ധതി വികസനം;

(ബി) ഫാക്കൽറ്റി വികസനം;

(സി) അദ്ധ്യാപനം അല്ലെങ്കിൽ പഠന സാമഗ്രികളുടെ വികസനം; കൂടാതെ

(ഡി) കോളേജുകൾക്ക് പ്രത്യേക പരാമർശം നൽകിക്കൊണ്ട് വിദ്യാഭ്യാസ കാര്യങ്ങളിൽ ഗവേഷണം.

(xi) സർവ്വകലാശാലയിലെ മറ്റ് ഫാക്കൽറ്റികളുമായി കൂടിയാലോചിച്ച് അന്തർ വകുപ്പ്, അന്തർ ഫാക്കൽറ്റി പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിന് ആസൂത്രണം ചെയ്യുക;

(xii) സർവ്വകലാശാലയിലെ അദ്ധ്യാപകർക്കായി തുടർ വിദ്യാഭ്യാസം, ഓറിയന്റേഷൻ കോഴ്സുകൾ, പ്രത്യേകിച്ച് പരിഷ്കരിച്ചതോ പുതിയതോ അല്ലെങ്കിൽ ഇന്റർഡിസിപ്ലിനറി പഠന കോഴ്സുകളോ സംഘടിപ്പിക്കുന്നത് സംബന്ധിച്ച് അക്കാഡമിക് കൗൺസിലിന് ശിപാർശ ചെയ്യുക;

(xiii) ഫാക്കൽറ്റിയുടെ പ്രവർത്തനത്തിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും വൈസ് ചാൻസലർക്ക് സമർപ്പിക്കുകയും ചെയ്യുക;

(xiv) ഫാക്കൽറ്റി പഠനബോർഡിന്റെ അഭിപ്രായത്തിനായി ലഭിക്കുന്ന ബന്ധപ്പെട്ട മറ്റ് വിഷയങ്ങൾ പരിഗണിക്കുക.".

28. 30-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പിലെ (xiii)-ാം ഇനം വിട്ടുകളയേണ്ടതും (xiv)-ാം ഇനം (xiii)-ാം ഇനമായി പുനരക്കം ചെയ്യേണ്ടതുമാണ്.

29. 33-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 33-ാം വകുപ്പിൽ,—

(1) (2)-ഉം (3)-ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(2) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന മൂന്ന് പേരുടെ പാനലിൽ നിന്നും വൈസ് ചാൻസലറെ ചാൻസലർ നിയമിക്കേണ്ടതാണ്:

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല, വ്യവസ്ഥ ചെയ്ത പ്രകാരം ഐകകണ്ഠേന ഒരു ശിപാർശ ചെയ്യുവാൻ സെലക്ഷൻ കമ്മിറ്റി പരാജയപ്പെടുന്ന പക്ഷം, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേരു വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതും, കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം പേര് സമർപ്പിക്കാതിരിക്കുന്നത് വൈസ് ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ലാത്തതു മാകുന്നു. സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐകകണ്ഠേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധി സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതുമാണ്.

(3) ഫിഷറീസ് സയൻസിലോ സമുദ്രപഠന വിഷയങ്ങളിലോ ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണ ബിരുദവും ഉള്ളതും, ഫിഷറീസിന്റെയോ സമുദ്രപഠനങ്ങളുടെയോ ഏതെങ്കിലും മേഖലയിലെ സമുന്നത വിദ്യാഭ്യാസ വിദഗ്ധൻ ആയതും, ഒരു അംഗീകൃത സർവ്വകലാശാലയിൽ പ്രൊഫസർ തസ്തികയിൽ കുറഞ്ഞത് പത്ത് വർഷത്തെ പ്രവർത്തന പരിചയം ഉള്ളതോ അല്ലെങ്കിൽ ഏതെങ്കിലും ഉന്നത

ഗവേഷണ/ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ തത്തുല്യ തസ്തികയിൽ കുറഞ്ഞത് പത്ത് വർഷത്തെ പ്രവർത്തന പരിചയം ഉള്ളതോ ആയതും, വിദ്യാഭ്യാസ മേഖലയിൽ നേതൃപാടവം പ്രകടിപ്പിച്ചിട്ടുള്ളതുമായ ആളായിരിക്കണം വൈസ് ചാൻസലർ.".

(2) (6)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(6) അറുപത്തിയൊന്ന് വയസ്സിൽ കൂടുതൽ പ്രായമുള്ള യാതൊരാളെയും വൈസ് ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം അദ്ദേഹത്തിന്റെ നിയമന നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്. ഒരു പ്രാവശ്യം നിയമിക്കപ്പെട്ട വൈസ് ചാൻസലർക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.".

(3) (12)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (12) രാജിവയ്ക്കുന്നതു മുഖേനയോ അല്ലാതെയോ വൈസ് ചാൻസലറുടെ തസ്തിക സ്ഥിരമായി ഒഴിയുകയാണെങ്കിൽ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ആ ഒഴിവ് നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന വൈസ് ചാൻസലർ മുഴുവൻ സമയകാലാവധിയായ നാലുവർഷവും സ്ഥാനം വഹിക്കേണ്ടതുമാണ്.".

30. 34-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 34-ാം വകുപ്പിൽ,—

(1) (5)-ഉം (6)-ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(5) സർവ്വകലാശാലാ സെനറ്റിനും, ഗവേണിംഗ് കൗൺസിലിനും ബഡ്ജറ്റ് എസ്റ്റിമേറ്റും ഓഡിറ്റ് റിപ്പോർട്ടും ആയതിന്റെ മറുപടികളും വാർഷിക റിപ്പോർട്ടും, കണക്കുകളുടെ സ്റ്റേറ്റ്മെന്റും ബാലൻസ് ഷീറ്റും നൽകുന്നതിന് വൈസ് ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(6) വൈസ് ചാൻസലർക്ക് താൻ സത്വര നടപടി എടുക്കേണ്ടതായ ഏതെങ്കിലും അടിയന്തിര സാഹചര്യം സംജാതമായിട്ടുണ്ടെന്ന് അഭിപ്രായമുള്ള പക്ഷം അദ്ദേഹത്തിന് ഏതൊരു നടപടിയും എടുക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ അപ്രകാരമെടുത്ത നടപടി, ആ വിഷയം സാധാരണയായി കൈകാര്യം ചെയ്യുന്ന അധികാരസ്ഥാനത്തിനോ നികായത്തിനോ മുപ്പത് ദിവസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അപ്രകാരം എടുത്ത നടപടി ആ വിഷയം സാധാരണ കൈകാര്യം ചെയ്യുന്ന അധികാര സ്ഥാനത്തിന്റെയോ

നികായത്തിന്റെയോ അന്തിമ തീരുമാനത്തിന് വിധേയമായിരിക്കുന്നതും അംഗീകാരം ലഭിക്കാത്ത നടപടികൾ അസാധുവാക്കപ്പെടുന്നതുമായിരിക്കും.";

(2) (8)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (8) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും നിയമനം, സസ്പെൻഷൻ, നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാൻ വൈസ് ചാൻസലർ ബാധ്യസ്ഥനായിരിക്കുന്നതാണ്. അപ്രകാരം നടപ്പിലാക്കാത്ത പക്ഷം, ആയതിനുള്ള കാരണം സഹിതം അതു സംബന്ധിച്ച ഒരു റിപ്പോർട്ട് ഏഴ് ദിവസത്തിനകം പ്രോ-ചാൻസലർക്ക് നൽകേണ്ടതാണ്.".

(3) (11)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

31. <u>35-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പിൽ,—

(1) (1)-ഉം (2)-ഉം (3)-ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (1) പ്രോ-വൈസ്ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്. വൈസ്ചാൻസലർ, സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ എന്നിങ്ങനെ മൂന്ന് അംഗങ്ങൾ അടങ്ങിയ സെലക്ഷൻ കമ്മിറ്റി തയ്യാറാക്കുന്ന ഒരു പാനലിൽ നിന്നും പ്രോ ചാൻസലറെ ചാൻസലർ നിയമിക്കേണ്ടതാണ്:

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ലാത്തതാകുന്നു:

എന്നുമാത്രമല്ല, വ്യവസ്ഥ ചെയ്ത പ്രകാരം ഐകകണ്ഠേന ഒരു ശിപാർശ നൽകുവാൻ കമ്മിറ്റി പരാജയപ്പെടുന്ന പക്ഷം, കമ്മിറ്റിയിലെ ഓരോ അംഗത്തിനും ഒരാളുടെ പേരു വീതം ചാൻസലർക്ക് സമർപ്പിക്കാവുന്നതാകുന്നു. കമ്മിറ്റിയിലെ ഏതെങ്കിലും ഒരംഗം അപ്രകാരം പേര് സമർപ്പിക്കാതിരിക്കുന്നത് പ്രോ-വൈസ് ചാൻസലറുടെ നിയമനം അസാധുവാക്കുന്നതല്ല. സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐകകണ്ഠേനയുള്ള ശിപാർശയല്ലായെങ്കിൽ ചാൻസലർക്ക് കമ്മിറ്റിയിലെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗം സെലക്ഷൻ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്.

(2) അറുപത് വയസ്സിൽ കൂടുതൽ പ്രായമുള്ള ഏതൊരാളെയും പ്രോ ചാൻസലറായി നിയമിക്കാൻ പാടില്ലാത്തതും നിയമനത്തിനുശേഷം, അദ്ദേഹത്തിന്റെ നിയമനനിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, അദ്ദേഹം ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ നാല് വർഷക്കാലയളവിലേയ്ക്ക് മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്. ഒരു പ്രാവശ്യം നിയമിക്കപ്പെട്ട പ്രോ ചാൻസലർക്ക് പുനർനിയമനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(3) ഫിഷറീസ് സയൻസിലോ സമുദ്രപഠന വിഷയങ്ങളിലോ ബിരുദവും ബിരുദാനന്തര ബിരുദവും ഗവേഷണ ബിരുദവും ഉള്ളതും, ഫിഷറീസിന്റെയോ സമുദ്രപഠനങ്ങളുടെയോ ഏതെങ്കിലും മേഖലയിലെ സമുന്നത വിദ്യാഭ്യാസ വിദഗ്ധൻ ആയതും, ഒരു അംഗീകൃത സർവ്വകലാശാലയിൽ പ്രൊഫസർ തസ്തികയിൽ കുറഞ്ഞത് എട്ട് വർഷത്തെ പ്രവർത്തന പരിചയം ഉള്ളതോ, അല്ലെങ്കിൽ ഏതെങ്കിലും ഉന്നത ഗവേഷണ/ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ തത്തുല്യ തസ്തികയിൽ കുറഞ്ഞത് എട്ട് വർഷത്തെ പ്രവർത്തന പരിചയം ഉള്ളതോ ആയതും, വിദ്യാഭ്യാസ മേഖലയിൽ നേതൃപാടവം പ്രകടിപ്പിച്ചിട്ടുള്ളതുമായ ആളായിരിക്കണം പ്രോ-വൈസ് ചാൻസലർ.”.

(2) (5)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (6) സർവ്വകലാശാലയിലെ പരീക്ഷ നടത്തിപ്പ് ഉൾപ്പെടെയുള്ള അക്കാഡമിക് പ്രവർത്തനങ്ങൾ, ആസൂത്രണം, വികസനം, വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച ചുമതലകളും അധികാരങ്ങളും പ്രോ-വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരിക്കുന്നതും ആയത് സംബന്ധിച്ച് അദ്ദേഹം വൈസ് ചാൻസലറോട് ഉത്തരവാദപ്പെട്ടിരിയ്ക്കുന്നതുമാണ്.”.

32. <u>36-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 36-ാം വകുപ്പിൽ,—

(1) (1)-ഉം (2)-ഉം (3)-ഉം (4)-ഉം (5)-ഉം ഉപവകുപ്പുകൾക്ക് പകരം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

“ (1) പ്രൊഫസർ പദവിയിൽ കുറയാത്ത, അതത് ഫാക്കൽറ്റി വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും, പ്രൊഫസർ തസ്തികയിൽ അഞ്ച് വർഷത്തിൽ കുറയാത്ത അദ്ധ്യാപന പരിചയവും, സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിക്കുന്ന മറ്റ് യോഗ്യതകളും ഉള്ള ഒരാളെ ഓരോ ഫാക്കൽറ്റിയുടെയും ഡീനായി നിയമിക്കേണ്ടതാണ്:

എന്നാൽ ഫിഷറീസ് ഫാക്കൽറ്റിയുടെ ഡീൻ തസ്തികയുടെ കാര്യത്തിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അംഗീകാരം ഉള്ള ഒരു സർവ്വകലാശാലയിൽ നിന്നും നേടിയ ഫിഷറീസ് സയൻസിലെ ബിരുദവും പ്രസ്തുത കൗൺസിൽ കാലാകാലങ്ങളിൽ വിജ്ഞാപനം ചെയ്യുന്ന മറ്റു യോഗ്യതകളും കൂടി ഉണ്ടായിരിക്കേണ്ടതാണ്.

(2) ഡീനിന്റെ കാലാവധി അഞ്ച് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത് വയസ്സ് തികയുന്നത് വരെയോ ഏതാണോ ആദ്യം അതുവരെയായിരിക്കുന്നതാണ്. ഡീനിന്റെ ശമ്പളവും അലവൻസുകളും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ സ്കീമിലെ സീനിയർ പ്രൊഫസറുടേതിന് തുല്യമായിരിക്കുന്നതാണ്. കൂടാതെ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള സ്പെഷ്യൽ അലവൻസും പ്രതിമാസം ലഭിക്കുന്നതാണ്.

(3) ഡീൻ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ബന്ധപ്പെട്ട ഫാക്കൽറ്റിയെ സംബന്ധിച്ച അക്കാഡമിക്കും ഭരണപരവും സാമ്പത്തികപരവുമായ എല്ലാ ചുമതലകളും അധികാരങ്ങളും അദ്ദേഹത്തിന് ഉണ്ടായിരിക്കുന്നതുമാണ്.

(4) ഫാക്കൽറ്റിയിലെ അദ്ധ്യാപന ഗവേഷണ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനും അക്കാഡമിക്ക് പുരോഗതി നേടിയെടുക്കുന്നതിനും അദ്ധ്യാപനത്തിന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും അക്കാഡമിക് കൗൺസിൽ അംഗീകരിച്ച അക്കാഡമിക് നയങ്ങൾ നടപ്പിലാക്കുന്നതിനും ഡീൻ ഉത്തരവാദിയായിരിക്കുന്നതാണ്.

(5) ആവശ്യം വരുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഫാക്കൽറ്റി പഠന ബോർഡ് മീറ്റിംഗുകൾ വിളിച്ചു കൂട്ടേണ്ടതും അങ്ങനെയുള്ള മീറ്റിംഗുകളിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതും ഡീനിന്റെ ചുമതലയായിരിക്കുന്നതാണ്.".

(2) (10)-ാം ഉപവകുപ്പിനു ശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

" (11) ഫാക്കൽറ്റി പഠന ബോർഡിന്റെ തീരുമാനങ്ങൾ നടപ്പിലാക്കുക, ഫാക്കൽറ്റിയുടെയും സർവ്വകലാശാലയുടെയും ഉത്തമ താല്പര്യം സംരക്ഷിക്കുക, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുക എന്നിവ ഡീനിന്റെ ഉത്തരവാദിത്വ മായിരിക്കുന്നതാണ്.

(12) സർവ്വകലാശാലയിൽ സ്കൂൾ ഡയറക്ടറായി നിലവിൽ സ്ഥിര നിയമനം ലഭിച്ചവരെ ഫിഷറീസ് ഒഴികെയുള്ള ഫാക്കൽറ്റികളുടെ ഡീനായി നിയമിക്കേണ്ടതാണ്. ആയതിന് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ തടസ്സമല്ലാത്തതാകുന്നു.".

33. <u>38-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 38-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടുന്ന അപ്രകാരമുള്ള ആവശ്യത്തിലേക്കായി രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ, വൈസ്-ചാൻസലർ,

ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെ ഫൈനാൻസ് ഓഫീസറെ നിയമിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ ഔദ്യോഗിക കാലാവധി അദ്ദേഹം ചുമതലയേറ്റ് നാല് വർഷം പൂർത്തിയാകുന്നത് വരെയോ അദ്ദേഹത്തിന് അമ്പത്തിയാറ് വയസ്സാകുന്നതു വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കുന്നതാണ്. ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതാണ്.".

34. <u>41-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 41-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടുന്ന അപ്രകാരമുള്ള ആവശ്യത്തിലേക്കായി രൂപീകരിക്കപ്പെട്ട സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ, ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെ വൈസ് ചാൻസലർ പരീക്ഷാ കൺട്രോളറെ നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളറുടെ ഔദ്യോഗിക കാലാവധി അദ്ദേഹം ചുമതലയേറ്റ് നാല് വർഷം പൂർത്തിയാകുന്നത് വരെയോ അദ്ദേഹത്തിന് അമ്പത്തിയാറ് വയസ്സാകുന്നതു വരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കുന്നതാണ്. പരീക്ഷാ കൺട്രോളർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ് ചാൻസലറുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ ജോലി ചെയ്യേണ്ടതുമാണ്.".

(2) (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

35. <u>42-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 42-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പിൽ "46-ാം വകുപ്പിൽ" എന്ന അക്കങ്ങൾക്കും വാക്കിനും അടയാളത്തിനും പകരം "47-ാം വകുപ്പിൽ" എന്ന അക്കങ്ങളും വാക്കും അടയാളവും ചേർക്കേണ്ടതാണ്.

36. <u>44-ാം വകുപ്പ് വിട്ടുകളയൽ.</u>—പ്രധാന ആക്റ്റിലെ 44-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

37. <u>45-ാം വകുപ്പിന്റെ ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 45-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" 45. <u>വകുപ്പ് മേധാവി.</u>—(1) ഓരോ ഫാക്കൽറ്റിയിലെയും ഓരോ വകുപ്പിനും ഓരോ മേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനം, അധികാരങ്ങൾ, ചുമതലകൾ ഇവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്:

എന്നാൽ ഫിഷറീസ് ഫാക്കൽറ്റി വകുപ്പുകളിലെ മേധാവികൾക്ക് ഫിഷറീസ് സയൻസിൽ ബിരുദവും ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിഷ്കർഷിക്കുന്ന മറ്റു യോഗ്യതകളും ഉണ്ടായിരിക്കേണ്ടതാണ്:

എന്നുമാത്രമല്ല സർവ്വകലാശാലയിൽ ഫിഷറീസ് ഫാക്കൽറ്റി വകുപ്പിൽ നിലവിൽ അദ്ധ്യാപക തസ്തികയിൽ തുടരുന്നവരുടെ കാര്യത്തിൽ ഫിഷറീസ് സയൻസ് ബിരുദം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമല്ലാത്തതാണ്.

(2) വകുപ്പിന്റെ മേധാവി അതിന്റെ എക്സിക്യൂട്ടീവ് മേധാവി ആയിരിക്കേണ്ടതും വകുപ്പിനെ സംബന്ധിച്ചുള്ള സ്റ്റാറ്റ്യൂട്ടുകളും ഓർഡിനൻസുകളും റെഗുലേഷനുകളും വിശ്വസ്തമായി അനുസരിക്കുന്നതിനും അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളിലെ അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ ജോലികൾ എന്നിവ നടത്തുന്നതിനും സംഘടിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

(3) ഒരു വകുപ്പുമേധാവിയുടെ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അദ്ധ്യാപനം, ഗവേഷണം, വിജ്ഞാന വ്യാപന പരിപാടികൾ എന്നിവയ്ക്കും അദ്ദേഹം ഫാക്കൽറ്റിയുടെ ഡീനിനോട് ഉത്തരവാദിത്തപ്പെട്ടിരിക്കും.".

38. <u>45 എ എന്ന പുതിയ വകുപ്പ് ചേർക്കൽ</u>.- പ്രധാന ആക്റ്റിലെ 45-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"45 <u>എ</u>. <u>സർവ്വകലാശാല അദ്ധ്യാപകർ</u>.—(1) ഓരോ ഫാക്കൽറ്റിയ്ക്കും പ്രത്യേകമായി പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ വിഭാഗങ്ങളിലായി അദ്ധ്യാപകർ ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ ആവശ്യാനുസരണം ഒരു ഫാക്കൽറ്റിയിലെ അദ്ധ്യാപകനെ മറ്റൊരു ഫാക്കൽറ്റിയിൽ അദ്ധ്യാപനത്തിൽ ഏർപ്പെടുന്നതിന് അനുവദിയ്ക്കാവുന്നതാണ്.

(2) കാർഷിക സർവ്വകലാശാലയിൽ നിന്നും കൈമാറി കിട്ടിയ ഫിഷറീസ് ഫാക്കൽറ്റിയിലെ അദ്ധ്യാപക തസ്തികകളിൽ ഫിഷറീസ് എഞ്ചിനീയറിംഗ്, മാനേജ്മെന്റ്, ഫിഷറീസ് ഹൈഡ്രോഗ്രഫി എന്നീ വകുപ്പുകൾ ഒഴികെയുള്ളവ ഈ സർവ്വകലാശാലയിലെ ഫിഷറീസ് ഫാക്കൽറ്റിയിൽ തന്നെ നിലനിർത്തേണ്ടതാണ്.

(3) അദ്ധ്യാപക തസ്തികകളിലെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്. എന്നാൽ ഫിഷറീസ് ഫാക്കൽറ്റിയിലെ അദ്ധ്യാപകർക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അംഗീകാരമുള്ള ഫിഷറീസ് സയൻസ് ബിരുദവും, ബന്ധപ്പെട്ട ഫിഷറീസ് വിഷയത്തിലെ ബിരുദാനന്തര ബിരുദവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിഷ്കർഷിക്കുന്ന മറ്റു യോഗ്യതകളും ഉണ്ടായിരിക്കേണ്ടതാണ്:

എന്നാൽ സർവ്വകലാശാലയിൽ ഫിഷറീസ് ഫാക്കൽറ്റിയിൽ നിലവിൽ അദ്ധ്യാപക തസ്തികയിൽ തുടരുന്നവരുടെ കാര്യത്തിൽ ഫിഷറീസ് സയൻസ് ബിരുദം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമല്ലാത്തതാണ്.

(4) അദ്ധ്യാപകൻ തന്നിൽ ചുമതലപ്പെടുത്തിയിട്ടുള്ള അദ്ധ്യാപന ഗവേഷണ വ്യാപന പരിപാടികളുടെ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വകുപ്പ് മേധാവിയോട് ഉത്തരവാദിയായിരിക്കുന്നതാണ്.".

39. 49-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിൽ " സ്കൂളുകളിൽ നിന്നും" എന്ന വാക്കുകൾക്ക് പകരം " ഫാക്കൽറ്റി പഠനബോർഡുകളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

40. 50-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പിൽ,—

(1) (6)-ാം ഉപവകുപ്പിൽ " സ്കൂൾ ഡയറക്ടർമാർ," എന്ന വാക്കുകളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

(2) (7)-ാം ഉപവകുപ്പിൽ " അമ്പത്തിയഞ്ച്" എന്ന വാക്കിന് പകരം "അമ്പത്തിയാറ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

41. 52-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 52-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ രണ്ടാമത്തെ ക്ലിപ്ത നിബന്ധന വിട്ടുകളയേണ്ടതാണ്.

42. 60-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 60-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"60. സർവ്വകലാശാല ഓംബുഡ്സ്മാൻ.—(1) സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിലെ കെടുകാര്യസ്ഥത, അഴിമതി, മറ്റ് സ്വജനപക്ഷപാതം തുടങ്ങിയ കാര്യങ്ങളിൽ പൊതുജനങ്ങളും വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റ് തൽപ്പര കക്ഷികളും ഉയർത്തുന്ന രേഖാമൂലവും അല്ലാത്തതുമായ ആരോപണങ്ങളും പരാതികളും അന്വേഷിക്കുന്നതിനും സർവ്വകലാശാല നിയമങ്ങൾക്കും അഴിമതി നിരോധന നിയമങ്ങൾക്കും വിധേയമായി തീരുമാനങ്ങൾ എടുക്കുന്നതിനും അപ്രകാരം പരിഗണിക്കപ്പെടുന്ന ആരോപണങ്ങളും പരാതികളും ശരിയാണെന്ന് കണ്ടെത്തിയാൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്യുന്നതിനുമായി ഒരു ഓംബുഡ്സ്മാനെ ആവശ്യാനുസരണം ചാൻസലർക്ക്, വിജ്ഞാപനം വഴി നിയോഗിക്കാവുന്നതാണ്.

(2) ഓംബുഡ്സ്മാൻ, റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയുടെ പദവിയിൽ കുറയാത്ത ആളായിരിക്കേണ്ടതാണ്.

(3) സർവ്വകലാശാല ഓംബുഡ്സ്മാന്റെ ഔദ്യോഗിക കാലാവധി (1)-ാം ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച തീയതി മുതൽ ഒരു വർഷക്കാലാവധിയിൽ അധികരിയ്ക്കാൻ പാടില്ലാത്തതാണ്.

(4) സർവ്വകലാശാല ഓംബുഡ്സ്മാന്റെ വേതനവും മറ്റു സേവന വ്യവസ്ഥകളും വിജ്ഞാപനം വഴി വിനിർദ്ദേശിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.".

43. <u>64-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പിൽ,—

1. (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) വൈസ് ചാൻസലർ വിജ്ഞാപനം വഴി സർവ്വകലാശാലയുടെ ഫൈനാൻസ് കമ്മിറ്റി രൂപീകരിക്കേണ്ടതും അതിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

(i) വൈസ് ചാൻസലർ - ചെയർപേഴ്സൺ;

(ii) ധനകാര്യവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iii) മത്സ്യബന്ധന വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന മത്സ്യബന്ധന വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(iv) ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം നിയോഗിക്കുന്ന ഫിഷറീസ് ജോയിന്റ് ഡയറക്ടർ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;

(v) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, അതിൽ നിന്നും നാമനിർദ്ദേശം ചെയ്യപ്പെടുന്ന രണ്ട് അംഗങ്ങൾ;

(vi) ഫൈനാൻസ് ഓഫീസർ; കൂടാതെ

(vii) രജിസ്ട്രാർ - മെമ്പർ സെക്രട്ടറി.".

2. (2)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) ഫൈനാൻസ് കമ്മിറ്റിയുടെ രണ്ട് യോഗങ്ങൾക്കിടയിലുള്ള ഇടവേള മൂന്ന് മാസത്തിൽ അധികരിക്കാൻ പാടുള്ളതല്ല. ഒരു യോഗത്തിന്റെ ക്വാറം ആകെ അംഗങ്ങളുടെ എണ്ണത്തിന്റെ പകുതി ആയിരിക്കുന്നതാണ്.".

44. 66-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 66-ാം വകുപ്പിലെ (2)-ാം ഉപവകുപ്പിലെ (v), (viii), (xii) എന്നീ ഖണ്ഡങ്ങൾ വിട്ടുകളയേണ്ടതാണ്.

45. 68-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 68-ാം വകുപ്പിന്റെ (vi)-ാം ഇനത്തിൽ " വകുപ്പുകളിലെയും സ്കൂളുകളിലെയും" എന്ന വാക്കുകൾക്ക് പകരം " ഫാക്കൽറ്റികളിലെയും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

46. 69-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 69-ാം വകുപ്പിന്റെ (i)-ാം ഇനത്തിൽ " 42-ാം വകുപ്പിന്റെ" എന്ന അക്കങ്ങൾക്കും അടയാളത്തിനും വാക്കിനും പകരം " 68-ാം വകുപ്പിന്റെ" എന്ന അക്കങ്ങളും അടയാളവും വാക്കും ചേർക്കേണ്ടതാണ്.

47. 71-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 71-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ "സ്കൂളുകളുടെയും" എന്ന വാക്കിന് പകരം "ഫാക്കൽറ്റികളുടെയും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

48. റദ്ദാക്കലും ഒഴിവാക്കലും.—(1) 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ഓർഡിനൻസ് (2021-ലെ 109) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള കാർഷിക സർവ്വകലാശാലയെ മൂന്നായി വിഭജിച്ചതിന്റെ ഫലമായി രൂപംകൊണ്ടതാണ് കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല. നിലവിലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ചിന്റെ (ICAR) വ്യവസ്ഥകൾക്ക് അനുസൃതമായിട്ടുള്ളതല്ല. ആയത് ഫിഷറീസിന്റെ കോഴ്സുകൾക്കുള്ള ICAR-ന്റെ അംഗീകാരം നിരാകരിക്കുന്നതിന് കാരണമായി. ICAR നിർദ്ദേശിച്ചിട്ടുള്ള മോഡൽ ആക്റ്റിന് അനുസൃതമായി നിലവിലെ ആക്റ്റിൽ ഉചിതമായ ഭേദഗതികൾ വരുത്തുന്നതാണ് എന്നുള്ള സർവ്വകലാശാലയുടെ ഉറപ്പിൻമേൽ അക്രെഡിറ്റേഷൻ ICAR പുനഃസ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത മോഡൽ ആക്റ്റ് അനുസരിച്ച് നിലവിലുള്ള വിവിധ സ്കൂളുകളുടെയും സ്കൂൾ ഡയറക്ടറുടെയും സ്ഥാനങ്ങൾ ഫാക്കൽറ്റിയും ഡീനുമായി പുനഃസ്ഥാപിക്കപ്പെടേണ്ടതുണ്ട്. സർവ്വകലാശാലയുടെ വളരെ പ്രധാനപ്പെട്ട ഒരു പ്രവർത്തനമാണ് വിജ്ഞാനവ്യാപനം, എന്നാൽ ICAR മാതൃക ആക്റ്റ് പ്രകാരമുള്ള

വിജ്ഞാനവ്യാപന കൗൺസിൽ നിലവിലെ ആക്റ്റിൽ ഇല്ല. ഇപ്രകാരമുള്ള മാറ്റങ്ങൾ കൂടി നിലവിലെ നിയമത്തിൽ ഉൾക്കൊള്ളിച്ചാൽ മാത്രമേ കോഴ്സുകളുടെ അംഗീകാരം നിലനിറുത്താൻ സാധിക്കുകയുള്ളൂ. ആയതിനാൽ 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിൽ അപ്രകാരം ആവശ്യമായ ഭേദഗതി കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

2. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 24-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും, ആയത് 2021-ലെ 46-ാം നമ്പർ ഓർഡിനൻസായി 2021 ഫെബ്രുവരി 26-ാം തീയതിയിലെ 979-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2021 ജൂലൈ 1-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 66-ാം നമ്പർ ഓർഡിനൻസായി 2021 ജൂലൈ 3-ാം തീയതിയിലെ 1960-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടു വരുന്നതിനുള്ള ഒരു ബിൽ 2021 ജൂലൈ 22-ാം തീയതി ആരംഭിച്ച് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞിരുന്നില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തേണ്ടിയിരുന്നതിനാലും കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് 2021 ആഗസ്റ്റ് 23-ാം തീയതി കേരള ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2021-ലെ 109-ാം നമ്പർ ഓർഡിനൻസായി 2021 ആഗസ്റ്റ് 26-ാം തീയതിയിലെ 2517-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2021-ലെ 109-ാം നമ്പർ ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

1. ബില്ലിലെ 8-ാം ഖണ്ഡപ്രകാരം ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 7-ാം വകുപ്പിന്റെ (4)-ാം ഉപവകുപ്പ് ഇനം (ആർ), അദ്ധ്യാപനത്തിനും ഗവേഷണത്തിനും വ്യാപന വിദ്യാഭ്യാസത്തിനും ആവശ്യമായ തസ്തികകൾ സർക്കാരിന്റെ അനുമതിയോടു കൂടി സൃഷ്ടിക്കുവാനും അങ്ങനെയുള്ള തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത സ്റ്റാറ്റ്യൂട്ടുകളാൽ നിശ്ചയിക്കുവാനും സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 13-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാനുദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, ഓരോ നാല് വർഷം കൂടുമ്പോഴും സർവ്വകലാശാല ഗവേണിംഗ് കൗൺസിലിനെ വിജ്ഞാപനം മുഖേന പുനഃസംഘടിപ്പിക്കുന്നതിന് ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിലെ 14-ാം ഖണ്ഡപ്രകാരം ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഇനം (ഇ), സർവ്വകലാശാല ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സേവന വ്യവസ്ഥകളും ചുമതലകളും നിർണ്ണയിക്കുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 14-ാം ഖണ്ഡപ്രകാരം ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഇനം (ജെ) സർവ്വകലാശാലയിലെ അധികാരസ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ രീതിയും സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെയും അക്കാഡമിക് കൗൺസിലിന്റെയും സർവ്വകലാശാലയുടെ മറ്റ് അധികാരസ്ഥാനങ്ങളുടെയും യോഗങ്ങളിൽ അനുവർത്തിക്കേണ്ടതായ നടപടിക്രമവും സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ ക്വാറവും ക്രമപ്പെടുത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാല അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 14-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഇനം (കെ), ഭാരതത്തിനകത്തും വിദേശത്തുമുള്ള മറ്റ് സർവ്വകലാശാലകളുമായി ബന്ധം സ്ഥാപിക്കുന്നതിന്റെ രീതി സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 14-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 14-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഇനം (പി), സർവ്വകലാശാലയിൽ അദ്ധ്യാപകരേയും മറ്റു അനദ്ധ്യാപക ജീവനക്കാരെയും നിയമിക്കുന്നതിനും അവരുടെ കർത്തവ്യങ്ങൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുന്നതിനും സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 16-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, ഓരോ നാല് വർഷം കൂടുമ്പോഴും വിജ്ഞാപനം വഴി അക്കാഡമിക്ക് കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 17-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ, (2)-ാം ഉപവകുപ്പ് ഇനം (ഡി), സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഫാക്കൽറ്റികളിലെയും മറ്റു സ്ഥാപനങ്ങളിലെയും അദ്ധ്യാപകരുടെ യോഗ്യതകൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 18-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 19-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഓരോ നാല് വർഷം കൂടുമ്പോഴും വിജ്ഞാപനം വഴി റിസർച്ച് കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 19-ാം ഖണ്ഡപ്രകാരം കൂട്ടിചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 19 എ വകുപ്പിന്റെ, (1)-ാം ഉപവകുപ്പ്, ഓരോ നാല് വർഷം കൂടുമ്പോഴും വിജ്ഞാപനം വഴി എക്സ്റ്റൻഷൻ കൗൺസിൽ പുനഃസംഘടിപ്പിക്കുവാൻ ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 26-ാം ഖണ്ഡപ്രകാരം കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 25 എ വകുപ്പിന്റെ, (1)-ാം ഉപവകുപ്പ്, ഫാക്കൽറ്റികളുടെ കീഴിലുള്ള വകുപ്പുകളെ സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 26-ാം ഖണ്ഡപ്രകാരം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 25 എ വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ഓരോ ഫാക്കൽറ്റിയുടെ കീഴിലുള്ള ഓരോ വകുപ്പിന്റെയും മേധാവിയുടെ നിയമനം, അധികാരം, ചുമതലകൾ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

13. ബില്ലിലെ 27-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 26-ാം വകുപ്പ് (vi)-ാം ഇനം (സി) ഖണ്ഡത്തിൽ വിവിധ പഠന കോഴ്സുകളിലേക്കും പരീക്ഷകൾക്കും പ്രവേശനം നൽകുന്നതിന് വിദ്യാർത്ഥികൾക്ക് ഉണ്ടായിരിക്കേണ്ട യോഗ്യത സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 32-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 36-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ്, ഫിഷറീസ് ഫാക്കൽറ്റി ഡീനിന്റെ പ്രതിമാസ സ്പെഷ്യൽ അലവൻസിനെ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

15. ബില്ലിലെ 33-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 38-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് വൈസ് ചാൻസലർക്ക് ഗവേണിംഗ് കൗൺസിലിന്റെ അംഗീകാരത്തോടെ ഫൈനാൻസ് ഓഫീസറെ നിയമിക്കുന്നതിനെ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

16. ബില്ലിലെ 34-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 41-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് വൈസ് ചാൻസലർ പരീക്ഷാ കൺട്രോളറെ നിയമിക്കുന്നത് സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

17. ബില്ലിലെ 37-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 45-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ്, ഓരോ ഫാക്കൽറ്റിയിലെയും വകുപ്പ് മേധാവിയുടെ നിയമനം, അധികാരങ്ങൾ, ചുമതലകൾ എന്നിവ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

18. ബില്ലിലെ 38-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 45 എ വകുപ്പിന്റെ (3)-ാം ഉപവകുപ്പ്, അദ്ധ്യാപക തസ്തികകളിലെ നിയമനങ്ങളും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുവാൻ സർവ്വകലാശാലയെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

19. ബില്ലിലെ 42-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 60-ാം വകുപ്പിന്റെ, (1)-ാം ഉപവകുപ്പ്, സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തിലെ കെടുകാര്യസ്ഥത, അഴിമതി, സ്വജനപക്ഷപാതം തുടങ്ങിയ കാര്യങ്ങളിൽ പൊതുജനങ്ങളും വിദ്യാർത്ഥികളും അദ്ധ്യാപകരും മറ്റു കക്ഷികളും ഉയർത്തുന്ന രേഖാമൂലവും അല്ലാത്തതുമായ ആരോപണങ്ങൾ അന്വേഷിക്കുന്നതിന് സർവ്വകലാശാല ഓംബുഡ്സ്മാനെ വിജ്ഞാപനം വഴി നിയമിക്കുന്നതിന് ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

20. ബില്ലിലെ 42-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 60-ാം വകുപ്പിന്റെ, (4)-ാം ഉപവകുപ്പ്, സർവ്വകലാശാല ഓംബുഡ്സ്മാന്റെ വേതനവും മറ്റു സേവനവ്യവസ്ഥകളും സംബന്ധിച്ച് വിജ്ഞാപനം വഴി നിശ്ചയിക്കുന്നതിന് ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

21. ബില്ലിലെ 43-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 64-ാം വകുപ്പിന്റെ, (1)-ാം ഉപവകുപ്പ്, സർവ്വകലാശാലയുടെ ഫൈനാൻസ് കമ്മിറ്റി വിജ്ഞാപനം വഴി രൂപീകരിക്കുന്നതിന് വൈസ് ചാൻസലറെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

22. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും ഉണ്ടാക്കാവുന്നത് അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ അപ്രകാരം ഉണ്ടാക്കുന്ന സ്റ്റാറ്റ്യൂട്ടുകളും റെഗുലേഷനുകളും നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

സജി ചെറിയാൻ.

# 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ (2011-ലെ 5-ാം ആക്റ്റ്)

** ** ** **

## 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ്

** ** ** **

പീഠിക.—കേരള സംസ്ഥാനത്ത് ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള മാത്രമായി അതുമായി ബന്ധപ്പെട്ട ജൈവീക ശാസ്ത്രം, പാരിസ്ഥിതിക ശാസ്ത്രം, സാങ്കേതികവിദ്യ, സാമ്പത്തിക ശാസ്ത്രം, സാമൂഹിക ശാസ്ത്രം, മത്സ്യകൃഷി, പോഷക ശാസ്ത്രം എന്നിവ ഉൾപ്പെടെയുള്ള എല്ലാ മേഖലകളിലും ശരിയായതും ക്രമപ്രകാരമുള്ളതുമായ ബോധനം, അദ്ധ്യാപനം, പരിശീലനം, ഗവേഷണം, വ്യാപനം എന്നിവ ഉറപ്പുവരുത്തുന്നതിനും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കുംവേണ്ടി ഫിഷറീസിനും സമുദ്രപഠനങ്ങളുടെയും പുരോഗതിക്കായി ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിനും ഏകാംഗീകൃതമാക്കുന്നതും യുക്തമായിരിക്കയാൽ;

** ** ** **

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റ്, എന്ന് പേര് പറയാം.

** ** ** **

2. നിർവ്വചനങ്ങൾ.—(1) ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

** ** ** **

(ബി) "അധികാര സ്ഥാനം" എന്നാൽ 9-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനം എന്നർത്ഥമാകുന്നു;

(സി) "ചാൻസലർ" എന്നാൽ സർവ്വകലാശാലയുടെ ചാൻസലർ എന്നർത്ഥമാകുന്നു;

** ** ** **

(ഇ) “വകുപ്പ്” എന്നാൽ 23-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

** ** ** **

(ജി) “ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിൽ” എന്നാൽ 24-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്ന ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

(എച്ച്) “ എക്സ്റ്റൻഷൻ ഡയറക്ടർ” എന്നാൽ 43-ാം വകുപ്പുപ്രകാരം നിയമിച്ച ഡയറക്ടർ എന്നർത്ഥമാകുന്നു;

** ** ** **

(ജെ) “സ്കൂൾ ഡയറക്ടർ” എന്നാൽ 44-ാം വകുപ്പുപ്രകാരം നിയമിച്ച സ്കൂളിന്റെ ഡയറക്ടർ എന്നർത്ഥമാകുന്നു;

** ** ** **

(ആർ) “വകുപ്പിന്റെ തലവൻ” എന്നാൽ 23-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം നിയമിച്ച വകുപ്പിന്റെ തലവൻ എന്നർത്ഥമാകുന്നു;

** ** ** **

(റ്റി) “നിയമസഭ” എന്നാൽ സംസ്ഥാന നിയമസഭ എന്നർത്ഥമാകുന്നു;

** ** ** **

(വൈ) “പ്രോ ചാൻസലർ” എന്നാൽ സർവ്വകലാശാലയുടെ പ്രോ ചാൻസലർ എന്നർത്ഥമാകുന്നു;

** ** ** **

(എ ജി) “സ്കൂൾ” എന്നാൽ 20-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും സ്കൂൾ എന്നർത്ഥമാകുന്നു;

(എ എച്ച്) “സ്കൂൾ ഗവേണിംഗ് കൗൺസിൽ” എന്നാൽ 21-ാം വകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള സ്കൂൾ ഗവേണിംഗ് കൗൺസിൽ എന്നർത്ഥമാകുന്നു;

** ** **

(എ എം) “സർവ്വകലാശാല” എന്നാൽ ഈ ആക്റ്റ് പ്രകാരം സ്ഥാപിച്ചതും ഏകീകരിച്ചതുമായ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല എന്നർത്ഥമാകുന്നു;

** ** ** **

3. <u>സർവ്വകലാശാലയുടെ സ്ഥാപനവും ഏകാംഗീകരണവും.</u>—(1) “കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല” എന്ന പേരിൽ ഒരു സർവ്വകലാശാല സ്ഥാപിക്കേണ്ടതും, ഏകാംഗീകരിക്കേണ്ടതുമാണ്.

(2) സർവ്വകലാശാല, ഈ ആക്റ്റിൽ വിവരിച്ചിരിക്കുന്ന പ്രകാരമോ അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരമോ ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ, ഡീൻ, രജിസ്ട്രാർ, സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, അക്കാഡമിക് കൗൺസിൽ, റിസർച്ച് കൗൺസിൽ, സ്കൂൾ ഗവേണിംഗ് കൗൺസിൽ, ഡിപ്പാർട്ടുമെന്റൽ ഗവേണിംഗ് കൗൺസിലുകൾ കൂടാതെ മറ്റു അധികാരസ്ഥാനങ്ങളും ഓഫീസർമാരും ഉൾപ്പെടുന്നതാണ്.

** ** **

(5) സർവ്വകലാശാലയുടെ ആസ്ഥാനം എറണാകുളം ജില്ലയിലെ കൊച്ചി ആയിരിക്കുന്നതാണ്.

** ** ** **

5. <u>സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.</u>—(സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്, അതായത്:—

** ** **

(iv) ഫിഷറീസ് മേഖലയിലെയും സമുദ്രപഠന മേഖലയിലെയും സാങ്കേതിക മുന്നേറ്റങ്ങൾക്കനുസരിച്ച് അതത് മേഖലകളിൽ പുതിയ കോഴ്സുകളും കരിക്കുലവും രൂപകല്പന ചെയ്യുക;

** ** ** **

7. <u>സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും.</u>—സർവ്വകലാശാലയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയുന്നവായായിരിക്കുന്നതാണ്, അതായത്:—

** ** ** **

(ഇ) പരീക്ഷകൾ നടത്തുകയും സർവ്വകലാശാലയിലോ കോളേജിലോ സ്കൂളിലോ അംഗീകൃത പഠന കോഴ്സുകളിൽ തുടർന്നിട്ടുണ്ടാവുകയോ നിർണ്ണയിക്കപ്പെട്ട രീതിയിൽ അതിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്തപക്ഷം സർവ്വകലാശാലയുടെ നിർണ്ണയിക്കപ്പെട്ട പരീക്ഷയിൽ വിജയിച്ചിട്ടുണ്ടാകുകയോ നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾ പ്രകാരം ഗവേഷണം തൃപ്തികരമായി നടത്തിയിട്ടുണ്ടാകുകയോ ചെയ്യുതും അത് യഥാവിധി മൂല്യനിർണ്ണയം നടത്തപ്പെടുകയും ചെയ്ത ആളുകൾക്ക് ബിരുദങ്ങളും മറ്റ് അക്കാഡമിക് ബഹുമതികളും നൽകുക;

** ** ** **

(ഐ) സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ ഫിഷറീസും സമുദ്രപഠനങ്ങളും മറ്റ് അനുബന്ധ ശിക്ഷണ ശാഖകളുമായി ബന്ധപ്പെട്ട സ്കൂളുകൾ സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക;

** ** ** **

(എൽ) ബില്ലിലെ വ്യവസ്ഥകൾക്ക് വിധേയമായി ഈട് നൽകിയോ അല്ലാതെയോ സർക്കാർ അംഗീകരിക്കുന്ന പരിപാടികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നോ, യൂണിവേഴ്സ്റ്റി ഗ്രാന്റ്സ് കമ്മീഷനിൽ നിന്നോ അല്ലെങ്കിൽ മറ്റു സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നോ പണം വായ്പയായോ ഗ്രാന്റായോ സ്വീകരിക്കുക.

** ** ** **

(ആർ) അദ്ധ്യാപനത്തിനും ഗവേഷണത്തിനും വ്യാപന വിദ്യാഭ്യാസത്തിന് തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക.

(എസ്) ഭരണ നിർവ്വഹണത്തിനും മറ്റുമുള്ള തസ്തികകൾ സൃഷ്ടിക്കുകയും അങ്ങനെയുള്ള തസ്തികകളിലേക്ക് ആളുകളെ നിയമിക്കുകയും ചെയ്യുക;

** ** ** **

(എക്സ്) ആവശ്യമുള്ളപ്പോഴെല്ലാം,—

(i) ഒരു അച്ചടിയും പ്രസിദ്ധീകരണ വകുപ്പും;

(ii) സർവ്വകലാശാല എക്സ്റ്റൻഷൻ ബോർഡുകളും;

(iii) ഇൻഫർമേഷൻ ബ്യൂറോകളും;

(iv) എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയും കൂടാതെ സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായേക്കാവുന്നതും സാദ്ധ്യമായേക്കാവുന്നതുമായ മറ്റ് പ്രവർത്തനങ്ങളും;

ഏർപ്പെടുത്തുകയും സംരക്ഷിക്കുകയും നടത്തിക്കുകയും ചെയ്യുക;

(വൈ) സർവ്വകലാശാലയിലെ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ഉന്നമനത്തിനായി,—

(i) വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും ക്ഷേമകാര്യസമിതി;

(ii) വിദ്യാർത്ഥികളുടെ ഒരു അഡ്വൈസറിബ്യൂറോ;

(iii) ഒരു എംപ്ലോയ്മെന്റ് ബ്യൂറോ;

(iv) ഒരു സർവ്വകലാശാലാ വിദ്യാർത്ഥി യൂണിയൻ;

(v) സർവ്വകലാശാലാ അത് ലറ്റിക് ക്ലബ്ബുകൾ;

(vi) നാഷണൽ കേഡറ്റ് കോർപ്പ്സ്;

(vii) നാഷണൽ സർവ്വീസ് സ്കീം;

(viii) സർവ്വകലാശാലാ എക്സ്റ്റൻഷൻ ബോർഡുകൾ;

(ix) വിദ്യാർത്ഥികളുടെ കൾച്ചറലും ഡിബേറ്റിംഗും സൊസൈറ്റികൾ;

(x) ഒരു പ്രസിദ്ധീകരണ ബ്യൂറോ, കൂടാതെ;

(xi) ഫിഷറീസിനും സമുദ്രപഠനവുമായി ബന്ധപ്പെട്ട വിജ്ഞാനവ്യാപന കേന്ദ്രങ്ങളും സ്ഥാപിക്കുക; കൂടാതെ

(xii) സഹകരണ സംഘങ്ങളും അതുപോലുള്ള മറ്റു സ്ഥാപനങ്ങളും സ്ഥാപിക്കുകയും അവയുടെ നടത്തിപ്പിനായി ആവശ്യമുള്ളിടത്ത് ഫണ്ടുകൾ നൽകുകയും ചെയ്യുക;" .

** ** ** **

8. <u>സന്ദർശനവും പരിശോധനയും.</u>—(1) സർക്കാരിന്, സർവ്വകലാശാലയും അതിന്റെ കെട്ടിടങ്ങളും പരീക്ഷണശാലയും ഗ്രന്ഥശാലകളും മ്യൂസിയങ്ങളും വർക്ക്ഷോപ്പുകളും സർവ്വകലാശാല നിലനിർത്തുന്നതോ ഭരണം നടത്തുന്നതോ ആയ ഏതൊരു സ്ഥാപനത്തിന്റെയോ കോളേജിന്റെയോ സ്കൂളിന്റെയോ ഹോസ്റ്റലിന്റെയോ ഉപകരണങ്ങളും സർവ്വകലാശാലയോ അതിന്റെ ആഭിമുഖ്യത്തിലോ നടത്തുന്നതോ ചെയ്യുന്നതോ ആയ അദ്ധ്യാപനവും മറ്റ് ജോലിയും സർവ്വകലാശാലയുടെ മറ്റേതെങ്കിലും ചുമതലകളുടെ നടത്തിപ്പും സർക്കാർ നിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള ആളെയോ ആളുകളെയോകൊണ്ടോ പരിശോധിപ്പിക്കുവാൻ ഇടയാക്കുന്നതിനും സർവ്വകലാശാലയുടെ ഭരണനിർവ്വഹണവും ധനകാര്യങ്ങളുമായി ബന്ധപ്പെട്ട ഏതൊരു സംഗതിയെ സംബന്ധിച്ചും അന്വേഷണം നടത്തിക്കുവാൻ ഇടയാക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. ഇത്തരം അന്വേഷണവുമായി ബന്ധപ്പെട്ട ഏതൊരു രേഖയും പരിശോധനാസമിതിക്ക് കൈമാറേണ്ടതാണ്.

(2) സർക്കാർ, (1)-ാം ഉപവകുപ്പുപ്രകാരം ഒരു പരിശോധനയോ അന്വേഷണമോ നടത്തുവാൻ ഇടയാക്കുന്നതിനു മുമ്പ്, അതതുസംഗതിപോലെ, അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ യഥാവിധിയുള്ള അറിയിപ്പ്

സർവ്വകലാശാലയ്ക്ക് നൽകേണ്ടതും സർവ്വകലാശാലയ്ക്ക് അതിന്റെ ഒരു പ്രതിനിധിയെ നിയമിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതും അയാൾക്ക് അങ്ങനെയുള്ള പരിശോധനയിലോ അന്വേഷണത്തിലോ ഹാജരാകുന്നതിനും പറയുവാനുള്ളത് പറയുവാനുമുള്ള അവകാശമുണ്ടായിരിക്കുന്നതുമാണ്.

** ** ** **

(7) സർവ്വകലാശാല (6)-ാം ഉപവകുപ്പുപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള സമയത്തിനുള്ളിൽ എന്തെങ്കിലും വിശദീകരണം നൽകുന്നില്ലെങ്കിലോ ഒരു വിശദീകരണം നൽകുകയും അത് തൃപ്തികരമല്ലായെന്ന് സർക്കാരിന് അഭിപ്രായമുണ്ടെങ്കിലോ സർക്കാരിന്, സംഗതിയുടെ പരിതസ്ഥിതികളിൽ ആവശ്യമാണെന്നോ അഭിലക്ഷണീയമാണെന്നോ അവർക്ക് തോന്നാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതും ആ നിർദ്ദേശങ്ങൾക്ക് പ്രഭാവം നൽകുന്നതിന് ആവശ്യമാണെന്ന് കരുതുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്.

(8) സർവ്വകലാശാലാ, സർവ്വകലാശാലയുടെ ഭരണനിർവ്വഹണത്തെ സംബന്ധിക്കുന്ന സർക്കാർ ആവശ്യപ്പെടുന്ന അങ്ങനെയുള്ള വിവരങ്ങൾ നൽകേണ്ടതാണ്.

** ** ** **

9 <u>സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ.</u>—ഇനിപ്പറയുന്നവ സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ ആയിരിക്കുന്നതാണ്, അതായത്:—

(i) സെനറ്റ്;

(ii) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ;

(iii) അക്കാഡമിക് കൗൺസിൽ;

(iv)റിസർച്ച് കൗൺസിൽ;

(v) സ്കൂൾ ഗവേണിംഗ് കൗൺസിലുകൾ ;

(vi) ഡിപ്പാർട്ട്മെന്റ് ഗവേണിംഗ് കൗൺസിലുകൾ ;

(vii) ഫാക്കൽറ്റികൾ; കൂടാതെ

സർവ്വകലാശാലയുടെ അധികാര സ്ഥാനങ്ങളായിരിക്കുമെന്ന് സ്റ്റാറ്റ്യൂട്ടുകളാൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് നികായങ്ങളും.

10. <u>സെനറ്റ്.</u>—(1) സെനറ്റിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത് :—

1) <u>എക്സ് - ഒഫീഷ്യോ അംഗങ്ങൾ</u>

i) ചാൻസലർ;

ii) പ്രോ-ചാൻസലർ;

iii) സർവ്വകലാശാലാ ആസ്ഥാനത്തെ നിയമസഭാ സമാജികൻ;

(iv) വൈസ് ചാൻസലർ;

(v) പ്രോ-വൈസ് ചാൻസലർ;

(vi) ഫിഷറീസ് വകുപ്പ് ഗവൺമെന്റ് സെക്രട്ടറി;

(vii) ഉന്നത വിദ്യാഭ്യാസ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(viii) ധനകാര്യ വകുപ്പ് ഗവൺമെന്റ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(ix) നിയമവകുപ്പ് സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം നാമനിർദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ;

(x) ഫിഷറീസ് ഡയറക്ടർ;

2 <u>നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങൾ</u> :

(i) സീനിയോറിറ്റി മുറയ്ക്ക്, ആവർത്തനക്രമമനുസരിച്ച് രണ്ടു വർഷക്കാലയളവിലേക്ക്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന സർവ്വകലാശാലയുടെ ഫാക്കൽറ്റികളിലെ മൂന്ന് ഡീനുകൾ;

(ii) സീനിയോറിറ്റി മുറയ്ക്ക്, ആവർത്തനക്രമമനുസരിച്ച്, ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, മറ്റുവിധത്തിൽ സെനറ്റിലെ അംഗങ്ങളല്ലാത്ത സർവ്വകലാശാലയുടെയോ സ്കൂളുകളുടെയോ അഞ്ച് വകുപ്പ് മേധാവികൾ;

(iii) സർവ്വകലാശാലയുടെ സ്കൂളുകളിലെ ഡയറക്ടർമാർ;

** ** ** **

(7) വൈസ്-ചാൻസലർ, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുമ്പോഴെല്ലാം സെനറ്റിലെ നാലിലൊന്നിൽ കുറയാത്ത അംഗങ്ങൾ ഒപ്പുവച്ച ലിഖിതമായുള്ള അഭ്യർത്ഥനയിന്മേൽ സെനറ്റിന്റെ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടേണ്ടതാണ്.

** ** ** **

12. സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ.—ഗവേണിംഗ് കൗൺസിൽ സർവ്വകലാശാലയുടെ മുഖ്യ ഭരണനിർവ്വഹണ സമിതി ആയിരിക്കുന്നതും അതിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതുമാണ്, അതായത്:—

1. എക്സ് ഓഫീഷ്യോ അംഗങ്ങൾ:

(i) വൈസ് ചാൻസലർ;

(ii) പ്രോ-വൈസ്-ചാൻസലർ;

(iii) കേരള സർക്കാരിന്റെ ഫിഷറീസ് വകുപ്പ് സെക്രട്ടറി;

(iv) കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി;

(v) കേരള സർക്കാരിന്റെ ധനകാര്യ വകുപ്പ് സെക്രട്ടറി;

(vi) നിയമ വകുപ്പ് സെക്രട്ടറി അല്ലെങ്കിൽ നിയമവകുപ്പ് സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറി;

(vii) ഫാക്കൽറ്റികളിലെ രണ്ടു ഡീനമാർ;

(viii) ഓരോ രണ്ട് വർഷത്തേക്കും അക്ഷരമാല ക്രമത്തിൽ ആവർത്തനക്രമമനുസരിച്ച് സർവ്വകലാശാലയുടെ സ്കൂളുകളിലെ രണ്ട് ഡയറക്ടർമാർ; കൂടാതെ

(ix) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ വൈസ് പ്രസിഡന്റ്.

2. തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ:

(i) സ്കൂളുകളിലെ ഡയറക്ടർമാർ ഒഴികെ സർവ്വകലാശാല അദ്ധ്യാപകർ അവരുടെ ഇടയിൽനിന്നും കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടുവഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായപ്രകാരം തിരഞ്ഞെടുക്കപ്പെട്ട മൂന്ന് അംഗങ്ങൾ, അവരിൽ ഒരാൾ വനിത ആയിരിക്കേണ്ടതാണ്.

(ii) സർവ്വകലാശാലയിലെയും സ്കൂളുകളിലേയും ഡിപ്പാർട്ട്മെന്റുകളിലെയും മുഴുവൻ സമയ വിദ്യാർത്ഥികളിൽ നിന്നും നിർണ്ണയിക്കപ്പെട്ട പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം.

3. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ:

(i) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് നിയമസഭാംഗങ്ങൾ;

(ii) ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഫിഷറീസ് വിദഗ്ദ്ധൻ;

(iii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യത്തൊഴിലാളി സമൂഹത്തിൽ നിന്നും ഫിഷറീസ്- സമുദ്ര പഠന മേഖലയിൽ പരിജ്ഞാനമുള്ള ഒരു പ്രതിനിധി;

(iv) ഭൗമപഠന മന്ത്രാലയം നാമനിർദ്ദേശം ചെയ്യുന്ന സമുദ്ര പഠനത്തിൽ മികവുറ്റ ഒരു ശാസ്ത്രജ്ഞൻ;

(v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മത്സ്യ കർഷക പ്രതിനിധി;

(vi) രജിസ്റ്റേർഡ് മത്സ്യതൊഴിലാളി സംഘടനയിൽ നിന്ന് സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പ്രതിനിധി;

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഫിഷറീസ് വ്യവസായ രംഗത്തു നിന്നുള്ള ഒരു പ്രതിനിധി;

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഒരംഗത്തിന് വീണ്ടും നാമനിർദ്ദേശം ചെയ്യപ്പെടുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

13. <u>സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ പുനസംഘടന.</u>—(1) ഓരോ നാലുവർഷം കൂടുമ്പോഴും സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ പുന:സംഘടിപ്പിക്കേണ്ടതാണ്.

** ** ** **

14. <u>സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും.</u>—(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ സർവ്വകലാശാലയുടെ പരമാധികാരസ്ഥാനം ആയിരിക്കുന്നതും, അതിന് ഈ ആക്റ്റിനാലോ അതിൻ കീഴിൽ ഉണ്ടാക്കിയ സ്റ്റാറ്റ്യൂട്ടുകളോ, ഓർഡിനൻസുകളോ, റഗുലേഷനുകളോ പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് അക്കാഡമിക് കൗൺസിലോ സ്കൂൾ ഗവേണിംഗ് കൗൺസിലോ പ്രവർത്തിച്ചിട്ടുള്ള സംഗതികളിലൊഴികെ അക്കാഡമിക് കൗൺസിലിന്റെയും സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെയും നടപടികൾ പുന:പരിശോധന നടത്തുന്നതിനും അധികാരമുണ്ടായിരിക്കുന്നതും ഈ ആക്റ്റ് പ്രകാരം മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പക്ഷം, സർവ്വകലാശാലയുടെ എല്ലാ അധികാരങ്ങളും വിനിയോഗിക്കാവുന്നതുമാണ്:

എന്നാൽ അക്കാഡമിക് കൗൺസിലോ സ്കൂൾ ഗവേണിംഗ് കൗൺസിലോ മുകളിൽ പറഞ്ഞ, അങ്ങനെയുള്ള അധികാരങ്ങൾക്കനുസൃതമായി പ്രവർത്തിച്ചിട്ടുണ്ടെന്നോ ഇല്ലെന്നോ ഉള്ള ഏതെങ്കിലും പ്രശ്നം ഉണ്ടാകുന്ന പക്ഷം, ആ പ്രശ്നത്തിന്മേൽ ചാൻസലർ തീർപ്പ് കൽപ്പിക്കേണ്ടതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

(2) ഈ ആക്റ്റിൽ മറ്റുവിധത്തിൽ പ്രകടമായി വ്യവസ്ഥ ചെയ്തിട്ടുള്ള സംഗതികളിലൊഴികെ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഇനി പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) ചാൻസലറുടെ പരിഗണനയ്ക്കും അനുമതിക്കും വേണ്ടി സ്വമേധയാ സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുകയോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക ;

(ബി) അക്കാഡമിക് കൗൺസിൽ പാസ്സാക്കിയ ഓർഡിനൻസോ റഗുലേഷനോ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക ;

(സി) ആവശ്യമെന്നു തോന്നുന്നപക്ഷം, സ്കൂൾ ഗവേണിംഗ് കൗൺസിലോ വകുപ്പുതല ഗവേണിംഗ് കൗൺസിലോ എടുത്തിട്ടുള്ള അക്കാഡമിക്കോ ഭരണപരമോ ആയ തീരുമാനം പുനഃ പരിശോധിക്കുക ;

(ഡി) ഈ ആക്റ്റിലെയും അതിൻകീഴിലുണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലെയും വ്യവസ്ഥകൾക്കനുസൃതമായി ഫെലോഷിപ്പുകളും സ്കോളർഷിപ്പുകളും സ്റ്റുഡന്റ്ഷിപ്പുകളും വിദ്യാർത്ഥി സ്കോളർഷിപ്പുകളും മെഡലുകളും സമ്മാനങ്ങളും ഏർപ്പെടുത്തുന്നതിനും പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനും അനുമതി നൽകുക ;

(ഇ) പ്രൊഫസർഷിപ്പുകളും അസോസിയേറ്റ് പ്രൊഫസർഷിപ്പുകളും അസിസ്റ്റന്റ് പ്രൊഫസർഷിപ്പുകളും ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള മറ്റ് അദ്ധ്യാപക ഗവേഷണ തസ്തികകളും ഏർപ്പെടുത്തുക ;

(എഫ്) ആവശ്യമെന്ന് അതതുസമയം കരുതാവുന്ന അങ്ങനെയുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കുകയും നടത്തിപോരുകയും ചെയ്യുക;

(ജി) സർവ്വകലാശാല ജീവനക്കാരുടെ സേവനം സംബന്ധിച്ച വ്യവസ്ഥകളും നിബന്ധനകളും നിർണ്ണയിക്കുകയും ചെയ്യുക;

(എച്ച്) അദ്ധ്യാപകരുടെ വേതനം നിശ്ചയിക്കുകയും അവരുടെ ചുമതലകളും സേവന വ്യവസ്ഥകളും നിർണ്ണയിക്കുകയും ചെയ്യുക;

(ഐ) സർവ്വകലാശാലാ ഗവേണിംഗ് കൗൺസിൽ അതിന്റെ മുമ്പാകെ വയ്ക്കുന്ന സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും പുന:പരിശോധിക്കുകയും, അവ സംബന്ധിച്ച് അതിന് യുക്തമെന്ന് കരുതാവുന്ന നടപടി സ്വീകരിക്കുകയും, സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾക്കനുസൃതമായി ബഡ്ജറ്റ് പരിഗണനയ്ക്കെടുത്ത് പാസ്സാക്കുകയും ചെയ്യുക;

(ജെ) സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും ആൾക്ക് നൽകിയിട്ടുള്ള ഏതൊരു ഡിഗ്രിയോ ഡിപ്ലോമയോ പദവിയോ അല്ലെങ്കിൽ മറ്റേതെങ്കിലും ബഹുമതിയോ റദ്ദാക്കുകയോ സർവ്വകലാശാല നടത്തിയ ഏതെങ്കിലും പരീക്ഷയിൽ ഏതെങ്കിലും വിദ്യാർത്ഥിയുടെ പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയോ റദ്ദാക്കുകയോ ചെയ്യുക;

(കെ) സമിതികളെ നിയമിക്കുകയും, അവയ്ക്ക് അതിന് യുക്തമെന്ന് കരുതാവുന്ന സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ കർത്തവ്യങ്ങൾ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്യുക;

(എൽ) സർവ്വകലാശാലയിലെ അധികാര സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ രീതിയും സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്റെയും അക്കാഡമിക് കൗൺസിലിന്റെയും സർവ്വകലാശാലയുടെ മറ്റ് അധികാര സ്ഥാനങ്ങളുടെയും യോഗങ്ങളിൽ അനുവർത്തിക്കേണ്ടതായ നടപടിക്രമവും സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങളുടെ കാര്യനിർവ്വഹണത്തിന് ആവശ്യമായ അംഗങ്ങളുടെ ക്വാറവും ക്രമപ്പെടുത്തുന്നതിന് സ്റ്റാറ്റ്യൂട്ടുകൾ ഉണ്ടാക്കുക;

(എം) അത് നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള രീതിയിലും അങ്ങനെയുള്ള ആവശ്യങ്ങൾക്കും വേണ്ടി ഭാരതത്തിനകത്തും വിദേശത്തുമുള്ള മറ്റ് സർവ്വകലാശാലകളുമായി ബന്ധം സ്ഥാപിക്കുക;

(എൻ) സർവ്വകലാശാലയുടെ സ്വത്തുകളും ഫണ്ടുകളും കൈവശം വയ്ക്കുകയും നിയന്ത്രിക്കുകയും കാര്യനിർവ്വഹണം നടത്തുകയും ചെയ്യുക;

(ഒ) സർവ്വകലാശാലയുടെ പൊതുമുദ്രയുടെ രൂപവും അതിന്റെ സൂക്ഷിപ്പും ഉപയോഗവും സംബന്ധിച്ച് നിർദ്ദേശം നൽകുക;

(പി) സ്കൂളുകളുടേയും, ഹോസ്റ്റലുകളുടേയും മറ്റ് സ്ഥാപനങ്ങളുടേയും പരിശോധനയ്ക്ക് ഏർപ്പാട് ചെയ്യുക;

(ക്യൂ) കാലാകാലങ്ങളിൽ ആവശ്യമെന്നു അത് കരുതുന്ന കോളേജുകളും ഗവേഷണ സ്ഥാപനങ്ങളും മറ്റ് ഉന്നത വിദ്യഭ്യാസ സ്ഥാപനങ്ങളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും നടത്തിപ്പോരുകയും ചെയ്യുക;

(ആർ) സർവ്വകലാശാലാ അദ്ധ്യാപകരേയും മറ്റു ജീവനക്കാരേയും നിയമിക്കുകയും അവരുടെ കർത്തവ്യങ്ങൾ നിർണ്ണയിക്കുകയും ചെയ്യുക;

(എസ്) ഭരണപരമായ തസ്തികകൾ, മിനിസ്റ്റീരിയൽ തസ്തികകൾ മറ്റു വിധത്തിൽ ആവശ്യമുള്ള തസ്തികകൾ എന്നിവ സൃഷ്ടിക്കുക;

(റ്റി) സർവ്വകലാശാലയിലെ അദ്ധ്യാപകർക്കും മറ്റു ജീവനക്കാർക്കും അവരുടെ കേസിൽ എതിർവാദം ബോധിപ്പിക്കുന്നതിന് ന്യായമായ അവസരം നൽകിയതിന് ശേഷം, സസ്പെന്റ് ചെയ്യുകയോ, പിരിച്ചു വിടുകയോ, ഡിസ്മിസ് ചെയ്യുകയോ അല്ലെങ്കിൽ അവർക്കെതിരായി മറ്റു വിധത്തിലുള്ള ഏതെങ്കിലും അച്ചടക്ക നടപടി എടുക്കുകയോ ചെയ്യുക;

(യു) വിദ്യാർത്ഥികളുടെ താമസം, അച്ചടക്കം എന്നിവയുടെ മേൽനോട്ടവും നിയന്ത്രണവും നടത്തുക;

(വി) സർവ്വകലാശാലയുടെ ധനപരമായ എസ്റ്റിമേറ്റുകൾ ഈ ആവശ്യത്തിലേക്കായി ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളനുസരിച്ച് പരിഗണിക്കുക;

(ഡബ്ല്യു) സർവ്വകലാശാല പരീക്ഷകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും അവയുടെ ഫലം അംഗീകരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുക;

(എക്സ്) സ്കൂൾ ഗവേണിംഗ് കൗൺസിൽ അംഗീകരിച്ച പ്രകാരമുള്ള പരീക്ഷകരുടെ പാനലിന് അവരുടെ പ്രതിഫലം നിശ്ചയിക്കുക;

(വൈ) വൈസ്-ചാൻസലർക്കോ, അല്ലെങ്കിൽ അതിലെ അംഗങ്ങളുടെ ഇടയിൽ നിന്ന് നിയമിക്കപ്പെട്ട ഒരു സമിതിക്കോ, അതിന്റെ ഏതെങ്കിലും അധികാരങ്ങൾ ഏല്പിച്ച് കൊടുക്കുക; കൂടാതെ

(ഇസഡ്) സർവ്വകലാശാലയുടെ അക്കാഡമിക് പുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ പരിഗണനയ്ക്കെടുക്കുക; കൂടാതെ

(എഎ) ഈ ആക്റ്റിനാലും സ്റ്റാറ്റ്യൂട്ടുകളാലും ഏല്പിച്ച് കൊടുത്തേക്കാവുന്ന അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും അങ്ങനെയുള്ള മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക.

15. സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ യോഗങ്ങൾ.—(1) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ അതിലെ എല്ലാ അംഗങ്ങൾക്കും യഥാവിധി നോട്ടീസ് നൽകിയതിനുശേഷം കുറഞ്ഞത് മാസത്തിലൊരിക്കൽ, വൈസ്-ചാൻസലർ നിശ്ചയിക്കുന്ന തീയതിയിൽ യോഗം ചേരേണ്ടതാണ്.

** ** ** **

17. അക്കാഡമിക് കൗൺസിലിന്റെ രൂപീകരണം.—(1) അക്കാഡമിക് കൗൺസിലിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) വൈസ് ചാൻസലർ, ചെയർപേഴ്സൺ ;

(ii) എല്ലാ സ്കൂളുകളുടെയും ഡയറക്ടർമാർ ;

(iii) റിസർച്ച് ഡയറക്ടർ;

(iv) എക്സ്റ്റൻഷൻ ഡയറക്ടർ;

(v) കേരള സർക്കാരിന്റെ ഫിഷറീസ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഡീഷണൽ ഡയറക്ടറിൽ താഴെയല്ലാത്ത പ്രതിനിധി ;

(vi) സി.എം.എഫ്.ആർ.ഐ (CMFRI) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി;

(vii) സി.ഐ.എഫ്.റ്റി (CIFT) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി ;

(viii) സി.എം.എൽ.ആർ.ഇ (CMLRE) ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി;

(ix) എൻ.ഐ.ഒ (NIO) - യുടെ ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സയന്റിസ്റ്റിൽ താഴെയല്ലാത്ത പ്രതിനിധി ;

(x) സർവ്വകലാശാലാ വകുപ്പ് മേധാവികൾ അവരുടെ ഇടയിൽനിന്നും തിരഞ്ഞെടുക്കുന്ന അഞ്ചുപേർ;

(xi ) ഓരോ സ്കൂളിലെയും ഫാക്കൽറ്റി അംഗങ്ങൾ അവരുടെ ഇടയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരംഗം ;

(xii) സർവ്വകലാശാലയിലെ ബിരുദാനന്തരബിരുദ വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് അംഗങ്ങൾ ;

(xiii) ഓരോ പ്രാദേശിക ഭരണ കേന്ദ്രങ്ങളിൽ / റീജിയണൽ സെന്ററിൽ നിന്നും വൈസ് - ചാൻസലർ നാമനിർദ്ദേശം ചെയ്ത ഒരു ഫാക്കൽറ്റി അംഗം / ശാസ്ത്രജ്ഞൻ;

(2) അക്കാഡമിക് കൗൺസിൽ കുറഞ്ഞത് മൂന്നുമാസത്തിൽ ഒരിക്കൽ യോഗം ചേരേണ്ടതാണ് ;

(3) അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ ക്വാറം കൗൺസിലിന്റെ ആകെ അംഗസംഖ്യയുടെ മൂന്നിൽ ഒന്നായിരിക്കുന്നതാണ് ;

(4) അക്കാഡമിക് കൗൺസിലിന്റെ കാലാവധി സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിക്കുന്നപ്രകാരമായിരിക്കും.

18. <u>അക്കാഡമിക് കൗൺസിലിന്റെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—

** ** ** **

(2) ഈ ആക്റ്റിലെയും , സ്റ്റാറ്റ്യൂട്ടുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, അക്കാഡമിക് കൗൺസിലിന് ഇനി പറയുന്ന അധികാരങ്ങളും കർത്തവ്യങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :—

** ** ** **

(ഡി) സർവ്വകലാശാല നടത്തിപ്പോരുന്ന സ്കൂളുകളിലെയോ മറ്റു സ്ഥാപനങ്ങളിലെയോ അദ്ധ്യാപകരുടെ യോഗ്യതകൾ നിർണ്ണയിക്കുക;

** ** ** **

(ജെ) സ്കൂൾ ഗവേണിംഗ് കൗൺസിലിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, അദ്ധ്യാപനം, ഗവേഷണ വ്യാപന വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സംഘടനയ്ക്കോ പുന:സംഘടനയ്കോ വേണ്ടതായ പദ്ധതികൾ അംഗീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ പരിഷ്കരിക്കുകയോ ചെയ്യുക;

** ** ** **

19. റിസേർച്ച് കൗൺസിൽ.—(1)റിസേർച്ച് കൗൺസിലിൽ ഇനിപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ഡയറക്ടർ, അദ്ദേഹം കൗൺസിലിന്റെ ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) എല്ലാ സ്കൂളുകളിലെയും ഡയറക്ടർമാർ;

(iii) ഓരോ സ്കൂളിൽ നിന്നും വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന അംഗീകൃത ഗൈഡ് ആയ ഒരു മുതിർന്ന ഫാക്കൽറ്റി അംഗം.

(iv)ഓരോ റീജിയണൽ കേന്ദ്രത്തിലെയും ഡയറക്ടർ;

(v) ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഒരു പ്രതിനിധി;

(vi) എം.ഒ.ഇ.എസ്-ന്റെ ഒരു പ്രതിനിധി;

(vii) വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്ത മത്സ്യ വ്യവസായത്തിലെ ഒരു പ്രതിനിധി;

(viii) കേരള സർക്കാരിന്റെ ആസൂത്രണബോർഡിന്റെ ഉപാദ്ധ്യക്ഷൻ അല്ലെങ്കിൽ അദ്ദേഹം നിർദ്ദേശിക്കുന്ന ബോർഡിലെ പ്രതിനിധി;

(2) ഗവേഷണ നയങ്ങൾ രൂപീകരിയ്ക്കുക, " ത്രസ്റ്റ് ഏരിയകൾ" കണ്ടെത്തുക, സാദ്ധ്യതയുള്ള ഫണ്ടിംഗ് ഏജൻസിയെപ്പറ്റി ഉപദേശിക്കുക, ഗവേഷണത്തിന്റെ ഗുണവും പുരോഗതിയും മോണിറ്റർ ചെയ്ത് കാലാകാലങ്ങളിൽ വൈസ്-ചാൻസലർക്ക് റിപ്പോർട്ട് ചെയ്യുക, മുതലായവ റിസേർച്ച് കൗൺസിലിന്റെ ചുമതലയായിരിയ്ക്കും.

** ** ** **

20. സ്കൂളുകൾ.—(1) സർവ്വകലാശാലയ്ക്ക് ഇനിപ്പറയുന്ന സ്കൂളുകൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(i) സ്കൂൾ ഓഫ് അക്വാകൾച്ചർ ആന്റ് ബയോടെക്നോളജി;

(ii) സ്കൂൾ ഓഫ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ആന്റ് ഹാർവെസ്റ്റ് ടെക്നോളജി;

(iii) സ്കൂൾ ഓഫ് അക്വാട്ടിക് ഫുഡ് പ്രോഡക്ട്സ് ആന്റ് ടെക്നോളജി;

(iv) സ്കൂൾ ഓഫ് ഫിഷറി എൻവയോൺമെന്റ് ;

(v) സ്കൂൾ ഓഫ് ഓഷ്യൻ സ്റ്റഡീസ് ആന്റ് ടെക്നോളജി;

(vi) സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആന്റ് അണ്ടർ വാട്ടർ ടെക്നോളജി;

(vii) സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് എന്റർപ്രീണർഷിപ്പ്; മുതലായവയും; കാലാകാലങ്ങളിൽ വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റ് സ്കൂളുകളും.

(2) ഓരോ സ്കൂളുകളിലും വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള വകുപ്പുകളും പഠനവിഷയങ്ങളുടെ സിലബസ്സുകളും അടങ്ങിയിരിക്കുന്നതാണ്.

(3) ഓരോ സ്കൂളിനും സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിയമിച്ച ഒരു ഡയറക്ടർ ഉണ്ടായിരിക്കുന്നതാണ്.

(4) ഡയറക്ടർ തന്റെ കീഴിലുള്ള സ്കൂളിന്റെ ചീഫ് എക്സിക്യൂട്ടീവ് ആയിരിക്കേണ്ടതും സ്കൂളിനെ സംബന്ധിച്ചുള്ള സ്റ്റാട്യൂട്ടുകളും, റഗുലേഷനുകളും, ഓർഡിനൻസുകളും, വിശ്വസ്തമായി അനുസരിക്കുന്നതിനും സ്കൂളിലെ അദ്ധ്യാപന, ഗവേഷണ വിപുലീകരണ ജോലികൾ നടപ്പിലാക്കുന്നതിനും സംഘടിപ്പിക്കുന്നതിനും ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

(5) അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ പരിപാടികൾ എന്നിവ നടപ്പിലാക്കുന്നതിനായി വകുപ്പ് മേധാവികൾ, റിസർച്ച് ഡയറക്ടർ, ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ എന്നിവരുടെ സഹകരണത്തോടെ ഡയറക്ടർ, പ്രവർത്തിക്കേണ്ടതാണ്.

(6) സ്കൂളിന്റെ ദൈനംദിനവും സാധാരണവുമായി പ്രവർത്തനത്തിനായുള്ള സാമ്പത്തിക അധികാരം ഡയറക്ടർക്ക് ആയിരിക്കുന്നതുമാണ്.

21. സ്കൂൾ ഗവേണിംഗ് കൗൺസിൽ.— (1) സ്കൂൾ ഗവേണിംഗ് കൗൺസിലിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ്; അതായത് —

(i) സ്കൂളിന്റെ ഡയറക്ടർ, അദ്ദേഹം ചെയർമാൻ ആയിരിക്കുന്നതാണ്;

(ii) സ്കൂളിലെ എല്ലാ വകുപ്പിന്റെയും മേധാവികൾ;

(iii) ഓരോ വകുപ്പിന്റെയും ഏറ്റവും സീനിയർ അദ്ധ്യാപകൻ;

(iv) ഫിനാൻസ് ഓഫീസർ അല്ലെങ്കിൽ അസിസ്റ്റന്റിന്റെ പദവിയിൽ കുറയാതെയുള്ള അദ്ദേഹത്തിന്റെ പ്രതിനിധി;

(v) ഡയറക്ടറുമായി കൂടിയാലോചിച്ച് വൈസ് ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന ആ മേഖലയിലെ അഞ്ചിൽ കവിയാതെയുള്ള വിദഗ്ദർ;

എന്നാൽ പാഠ്യപദ്ധതി പരിഷ്കരണത്തിൻമേലുള്ള ചർച്ച അജണ്ടയിൽ ഉൾപ്പെടുത്തുമ്പോൾ മാത്രം അങ്ങനെയുള്ള വിദഗ്ദരെ ക്ഷണിക്കേണ്ടതാണ്.

(2) സ്കൂൾ ഗവേണിംഗ് കൗൺസിൽ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരേണ്ടതാണ്.

(3) പകുതിയിൽ കൂടുതൽ അംഗങ്ങൾ കൗൺസിലിന്റെ ക്വാറം ആകുന്നതാണ്.

22. സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ അധികാരങ്ങളും ചുമതലകളും.—(1) സ്കൂളിലെ ഭരണപരവും പാഠ്യപരവുമായ കാര്യങ്ങളെ സംബന്ധിച്ചുള്ള എല്ലാ നയങ്ങളും സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ യോഗത്തിൽ എടുക്കേണ്ടതാണ്.

(2) സ്കൂൾ ഗവേണിംഗ് കൗൺസിൽ, പരീക്ഷയും അതിന്റെ ഫലം ഉൾപ്പെടെയുള്ള എല്ലാ അക്കാഡമിക് വിഷയങ്ങളെ സംബന്ധിച്ച വകുപ്പുതല ഗവേണിംഗ് കൗൺസിലിൽ നിന്നുള്ള നിർദ്ദേശം പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

(3) ഡയറക്ടർ, സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതും സ്കൂളിന്റെയും സർവ്വകലാശാലയുടെയും ഉത്തമ താല്പര്യത്തിനായി വകുപ്പുകളുടെ ചുമതലകൾ ക്രോഡീകരിക്കേണ്ടതുമാണ്.

(4) ഗവേണിംഗ് കൗൺസിൽ, എക്സാമിനർമാരുടെ യോഗ്യത വിനിർദ്ദേശിക്കേണ്ടതും പുറമേയുള്ള പരീക്ഷയ്ക്കുവേണ്ടിയുള്ള എക്സാമിനർമാരുടെ പാനൽ അംഗീകരിക്കേണ്ടതുമാണ്.

(5) ഡയറക്ടർ, എക്സാമിനർമാരെ നിയമിക്കേണ്ടതും പുറമേയുള്ള പരീക്ഷ നടത്തേണ്ടതുമാണ്.

(6) സ്കൂൾ ഗവേണിംഗ് കൗൺസിൽ കുറഞ്ഞത് മൂന്നുമാസത്തിൽ ഒരു തവണയെങ്കിലും അല്ലെങ്കിൽ എപ്പോൾ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ടോ അപ്പോഴെല്ലാമോ, പാഠ്യപദ്ധതിയുടെ ആവശ്യാനുസരണമുള്ള മാറ്റത്തിന്മേൽ തീരുമാനം എടുക്കേണ്ടപ്പോഴോ, യോഗം ചേരേണ്ടതാണ്.

(7) അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും, അദ്ധ്യാപനവും ഗവേഷണ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനും ഗവേഷണ വിഭാഗത്തിന്റെ നടത്തിപ്പിനും നിലനിർത്തലിനുമുള്ള അധികാരം ഉൾപ്പെടെ സ്കൂളിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക അധികാരങ്ങൾ സ്കൂൾ ഗവേണിംഗ് കൗൺസിലിന് ഉണ്ടായിരിക്കുന്നതാണ്.

(8) (1) മുതൽ (7) വരെയുള്ള ഉപഖണ്ഡങ്ങളുടെ വ്യവസ്ഥകൾക്ക് വിരുദ്ധമാകാതെ, സ്കൂൾ ഗവേണിംഗ് കൗൺസിലിന് ഇനിപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാലയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ പഠന കോഴ്സുകൾ നിർദ്ദേശിക്കുക;

(ബി) സർവ്വകലാശാലയുടെ കീഴിലുള്ള സ്കൂളുകളിലേയും മറ്റു സ്ഥാപനങ്ങളിലെയും അദ്ധ്യാപകർക്കുള്ള യോഗ്യതകൾ നിർദ്ദേശിക്കുക;

(സി) വിവിധ പഠന കോഴ്സുകളിലേക്കും പരീക്ഷകൾക്കും പ്രവേശനം നൽകുന്നതിന് വിദ്യാർത്ഥികൾക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിർണ്ണയിക്കുകയും ഏതു വ്യവസ്ഥകൾ പ്രകാരം അവയിൽ നിന്ന് ഒഴിവാക്കാമെന്ന് നിശ്ചയിക്കുകയും ചെയ്യുക;

(ഡി) അതിന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള പഠനവിഭാഗങ്ങളിൽ അദ്ധ്യാപനവും പരിശീലനവും നൽകുന്നതിനുള്ള നിർദ്ദേശം നൽകുക;

(ഇ) സർവ്വകലാശാലയ്ക്ക് ആവശ്യമായ പ്രൊഫസർഷിപ്പുകളും റീഡർഷിപ്പുകളും ലക്ചർഷിപ്പുകളും മറ്റ് അദ്ധ്യാപനവും ഗവേഷണ തസ്തികകളും സൃഷ്ടിക്കാൻ നിർദ്ദേശം നൽകുക;

(എഫ്) വകുപ്പ് ഗവേണിംഗ് കൗൺസിലിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി അദ്ധ്യാപനം, ഗവേഷണം, വ്യാപന വിദ്യാഭ്യാസം എന്നിവയ്ക്കായുള്ള വകുപ്പുകളുടെ രൂപീകരണത്തിനോ അല്ലെങ്കിൽ പുനർരൂപീകരണത്തിനോ വേണ്ടിയുള്ള പദ്ധതികൾ നിർദ്ദേശിക്കുക;

(ജി) ഈ ആക്റ്റും സ്റ്റാറ്റ്യൂട്ടുകളും അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഓർഡിനൻസുകളും റഗുലേഷനുകളും പ്രകാരം അതിന് നൽകാവുന്നതോ നിക്ഷിപ്തമാക്കപ്പെടാവുന്നതോ ആയ അങ്ങനെയുള്ള മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും മറ്റ് കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുക;

23. വകുപ്പുകൾ.—ഓരോ സ്കൂളിനും കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അത്രയും എണ്ണം വകുപ്പുകൾ ഉണ്ടായിരിക്കുന്നതാണ്.

(2) ഓരോ വകുപ്പിനും ഓരോ മേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനം അധികാരങ്ങൾ, ചുമതലകൾ ഇവ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കേണ്ടതുമാണ്.

(3) വകുപ്പിന്റെ മേധാവി എക്സിക്യൂട്ടീവ് മേധാവി ആയിരിക്കേണ്ടതും വകുപ്പിനെ സംബന്ധിച്ചുള്ള സ്റ്റാറ്റ്യൂട്ടുകളും, ഓർഡിനൻസുകളും, റഗുലേഷനുകളും വിശ്വസ്തമായി അനുസരിക്കുന്നതിനും അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളിലെ അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ ജോലികൾ എന്നിവ നടത്തുന്നതിനും സംഘടിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതുമാണ്.

(4) അദ്ദേഹത്തിന്റെ വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുള്ള അദ്ധ്യാപനം, ഗവേഷണം, വിപുലീകരണ പരിപാടികൾ എന്നിവയ്ക്കും വകുപ്പ് മേധാവി സ്കൂളിന്റെ ഡയറക്ടറോട് ഉത്തരവാദിത്വപ്പെട്ടിരിക്കും.

24. <u>വകുപ്പ് ഗവേണിംഗ് കൗൺസിൽ</u>.—(1) ബന്ധപ്പെട്ട വകുപ്പിലെ എല്ലാ സ്ഥിര അദ്ധ്യപകരും വകുപ്പ് ഗവേണിംഗ് കൗൺസിലിലെ അംഗങ്ങളായിരിക്കുന്നതാണ് ;

(2) വകുപ്പുമായി ബന്ധപ്പെട്ട അക്കാഡമിക്കും ഭരണപരവുമായ കാര്യങ്ങളെ സംബന്ധിച്ച എല്ലാ നയങ്ങളും വകുപ്പ് ഗവേണിംഗ് കൗൺസിലിന്റെ യോഗത്തിൽ എടുക്കേണ്ടതാണ്.

(3) വകുപ്പ് ഗവേണിംഗ് കൗൺസിൽ, പരീക്ഷകരുടെ യോഗ്യത നിർണ്ണയിക്കേണ്ടതും ഇന്റേണൽ പരീക്ഷയ്ക്കുള്ള പരീക്ഷകരുടെ പാനൽ അംഗീകരിക്കേണ്ടതുമാണ്.

(4) ബന്ധപ്പെട്ട നികായങ്ങളുടെ യഥാവിധിയുള്ള അംഗീകാരത്തിനുശേഷം വകുപ്പ് ഗവേണിംഗ് കൗൺസിലിന്റെ തീരുമാനങ്ങൾ വകുപ്പ് മേധാവി നടപ്പിലാക്കേണ്ടതാണ്.

(5) വകുപ്പ് മേധാവി എക്സാമിനർമാരെ നിയമിക്കേണ്ടതും ഇന്റേണൽ പരീക്ഷ നടത്തേണ്ടതുമാണ്.

(6) വകുപ്പ് ഗവേണിംഗ് കൗൺസിൽ സിലബസ് രൂപപ്പെടുത്തേണ്ടതും വകുപ്പിലെ പഠനകോഴ്സ് സംബന്ധിച്ച നിർദ്ദേശം സ്കൂൾ ഗവേണിംഗ് കൗൺസിലിന് നൽകുകയും ചെയ്യേണ്ടതാണ്.

(7) അക്കാഡമിക് പ്രവർത്തനങ്ങൾ അവലോകനം ചെയ്യാനും ആവശ്യമനുസരിച്ചുള്ള പാഠ്യപദ്ധതിയിലെ മാറ്റങ്ങൾ നിർദ്ദേശിക്കാനും വകുപ്പ് ഗവേണിംഗ് കൗൺസിൽ കുറഞ്ഞത് മാസത്തിൽ ഒരു തവണയെങ്കിലുമോ അല്ലെങ്കിൽ ആവശ്യമെന്ന് കരുതുമ്പോഴെല്ലാമോ യോഗം ചേരേണ്ടതാണ്.

25. ഫാക്കൽറ്റികൾ.—(1)ഫാക്കൽറ്റികൾ, അവയിൽ ഉൾപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും കൂടാതെ മൾട്ടീഡിസിപ്ലിനറി ഫാക്കൽറ്റികളിലെ പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും, സർവ്വകലാശാലയുടെ പ്രധാന അക്കാഡമിക്ക് കോ-ഓർഡിനേഷൻ അതോറിറ്റികൾ ആയിരിക്കും.

(2) സർവ്വകലാശാലയ്ക്ക് സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാക്കൽറ്റികൾ ഉണ്ടായിരിക്കേണ്ടതാണ്.

(3) അക്കാഡമിക് കൗൺസിലിന്റെ അംഗീകാരത്തോടെ മാത്രമേ ഒരു ഫാക്കൽറ്റി രൂപീകരിക്കുവാനോ, വിഭജിക്കാനോ മറ്റൊരു ഫാക്കൽറ്റിയുമായി യോജിപ്പിക്കുവാനോ അല്ലെങ്കിൽ ഇല്ലാതാക്കുവാനോ സാധിക്കുകയുള്ളൂ.

(4) ഫാക്കൽറ്റിയിൽ സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിച്ചേക്കാവുന്ന അങ്ങനെയുള്ള വിഷയങ്ങൾ അടങ്ങിയിരിക്കുന്നതാണ്.

(5) ഫാക്കൽറ്റിയിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ഡീൻ-എക്സ്-ഒഫിഷ്യോ ചെയർപേഴ്സൺ;

(ii) ഫാക്കൽറ്റിയിൽ അടങ്ങിയിരിക്കുന്ന വിഷയങ്ങളുടെ ഓരോ പഠന ബോർഡിന്റെയും ചെയർപേഴ്സൺ;

(iii) പഠന ബോർഡുകളിലെ അംഗങ്ങൾ അവരിൽ നിന്നും തിരഞ്ഞെടുക്കുന്ന ഓരോ പഠന ബോർഡിലെയും ഒരു അംഗം, അതിൽ കുറഞ്ഞത് ഒരംഗമെങ്കിലും ബിരുദാനന്തരബിരുദ അദ്ധ്യാപകനും, കൂടാതെ;

(iv) സംസ്ഥാനത്തിന്റെ പുറത്തുനിന്നുള്ളവർക്ക് മുൻഗണനയുള്ള, വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് സബ്ജക്റ്റ് എക്സ്പേർട്ടുകൾ;

(6) ഫാക്കൽറ്റിയിലെ അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമോ, സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവ് ആയിരിക്കേണ്ടതാണ്.

26. ഫാക്കൽറ്റികളുടെ അധികാരങ്ങളും ചുമതലകളും.—ഫാക്കൽറ്റിക്ക് ഇനി പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത്:—

(എ) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ, അക്കാഡമിക് കൗൺസിൽ അല്ലെങ്കിൽ പ്ലാനിംഗ് കമ്മിറ്റി ഉൾപ്പെടെ ഏതൊരു കമ്മിറ്റിയും അതിന്റെ അഭിപ്രായത്തിനയക്കുന്ന ഏതൊരു കാര്യവും പരിഗണിക്കുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുക;

(ബി) ഫാക്കൽറ്റിയിൽ പഠനബോർഡുകളുടെ, മറ്റ് ഏതെങ്കിലും ഫാക്കൽറ്റിയെ ബാധിക്കാത്ത സംഗതികളിന്മേലുള്ള, ശുപാർശകൾ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്യുക;

(സി) അതിന്റെ അധികാരപരിധിയിലുള്ള, മറ്റേതെങ്കിലും ഫാക്കൽറ്റിയെയോ ഫാക്കൽറ്റികളെയോ ബാധിക്കുന്ന അല്ലെങ്കിൽ ഭരണപരമായതോ സാമ്പത്തികമോ ആയ ചെലവ് വരുന്ന അക്കാഡമിക് കാര്യങ്ങൾ പരിഗണിക്കുകയും അക്കാഡമിക് കൗൺസിലിന് ശുപാർശ ചെയ്യുകയും ചെയ്യുക;

(ഡി) സ്റ്റാറ്റ്യൂട്ട് പ്രകാരം രൂപീകരിച്ചിട്ടുള്ള പഠന ബോർഡോ, ഇന്റർഡിസിപ്ലിനറി പഠന ബോർഡോ പരിഗണനയ്ക്കായി അയക്കുന്ന പുതിയ കോഴ്സുകൾ, ഇന്റർഡിസിപ്ലിനറി കോഴ്സുകൾ, ഹ്രസ്വകാല പരിശീലന പരിപാടികൾ ഇവ പരിഗണിക്കുകയും അക്കാഡമിക് കൗൺസിലിന് ശുപാർശ ചെയ്യുകയും ചെയ്യുക;

(ഇ) ഇനി പറയുന്ന കാര്യങ്ങൾക്കുവേണ്ടി അക്കാഡമിക് കൗൺസിൽ തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുക:—

(i) ദീർഘകാല പാഠ്യപദ്ധതി വികസനം;

(ii) ഫാക്കൽറ്റി വികസനം ;

(iii) അദ്ധ്യാപനം അല്ലെങ്കിൽ പഠന സാമഗ്രികളുടെ വികസനം;

(iv) കോളേജുകൾക്ക് പ്രത്യേക പരാമർശം നൽകിക്കൊണ്ട് വിദ്യാഭ്യാസ കാര്യങ്ങളിൽ ഗവേഷണം;

(എഫ്) പഠന ബോർഡുമായോ മറ്റ് ഫാക്കൽട്ടികളുമായോ കൂടിയാലോചിച്ച് അന്തർ വകുപ്പ് അന്തർ ഫാക്കൽറ്റി പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നതിന് ആസൂത്രണം ചെയ്യുക ;

(ജി) സർവ്വകലാശാല അദ്ധ്യാപകർക്കായി ഫിഷറീസ്/ സമുദ്രപഠനത്തിൽ തുടർവിദ്യാഭ്യാസം, റിഫ്രഷർ, ഓറിയന്റേഷൻ കോഴ്സുകൾ, പ്രത്യേകിച്ച് പരിഷ്കരിച്ചതോ പുതുതായി അല്ലെങ്കിൽ ഇന്റർഡിസിപ്ലിനറി പഠന കോഴ്സുകളോ, സംഘടിപ്പിക്കുന്നത് സംബന്ധിച്ച അക്കാഡമിക് സ്റ്റാഫ് കോളേജിനും അക്കാഡമിക് കൗൺസിലിനും ശുപാർശ ചെയ്യുക;

(എച്ച്) ഫാക്കൽറ്റിയുടെ പ്രവർത്തനത്തിന്റെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുകയും വൈസ്- ചാൻസലർക്ക് സമർപ്പിക്കുകയും ചെയ്യുക;

(ഐ) അതിന്റെ അഭിപ്രായത്തിനായി അയയ്ക്കുന്ന മറ്റ് ഏതെങ്കിലും അക്കാഡമിക് കാര്യങ്ങളും പരിഗണിക്കുക;

** ** ** **

30. <u>സർവ്വകലാശാലയുടെ ഉദ്യോഗസ്ഥർ.</u>—താഴെപ്പറയുന്ന ഉദ്യോഗസ്ഥർ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരായിക്കുന്നതാണ്, അതായത്:—

** ** ** **

(xiii) സ്കൂൾ ഡയറക്ടർ;

(xiv) വകുപ്പ് മേധാവികൾ;

** ** ** **

33. <u>വൈസ് ചാൻസലർ.</u>—(1) വൈസ് ചാൻസലർ സർവ്വകലാശാലയുടെ മുഴുവൻ സമയ ഉദ്യോഗസ്ഥർ ആയിരിക്കുന്നതാണ്.

(2) സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരാൾ, ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി എന്നിവർ അടങ്ങിയ സെലക്ഷൻ കമ്മിറ്റിയുടെ ഉപദേശമനുസരിച്ചാണ്, ചാൻസലർ വൈസ്-ചാൻസലറെ നിയമിക്കേണ്ടത്;

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന ആൾ ആ കൗൺസിലിലെ അംഗങ്ങളിൽ നിന്നുള്ള ഒരാളോ സർവ്വകലാശാലയിലെ ജീവനക്കാരനോ ആകാൻ പാടില്ല;

എന്നാൽ സെലക്ഷൻ കമ്മിറ്റി ഐകകണ്ഠ്യേന മൂന്നു പേരിൽ കവിയാതെ ഒരു പാനൽ ചാൻസലർക്ക് സമർപ്പിക്കേണ്ടതാണ്;

എന്നിരുന്നാലും സെലക്ഷൻ കമ്മിറ്റി നൽകുന്നത് ഐകകണ്ഠ്യേനയുള്ള ഉപദേശമല്ലായെങ്കിൽ ചാൻസലർക്ക് അതിന്റെ ഭൂരിപക്ഷം അംഗങ്ങളുടെ അഭിപ്രായം സ്വീകരിക്കാവുന്നതാണ്.

(3) ഫിഷറീസിന്റെയോ, സമുദ്ര പഠനങ്ങളുടെയോ മേഖലയിൽ, വിദഗ്ധനും പേരുകേട്ടതും ദീർഘകാല പരിചയവുമുള്ള ആളായിരിക്കണം വൈസ്-ചാൻസലർ.

** ** ** **

(6) വൈസ്-ചാൻസലറുടെ കാലാവധി അഞ്ച് വർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത്തിയഞ്ച് വയസ്സ് പൂർത്തിയാകുകയോ ചെയ്യുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത് അതുവരെ ആയിരിക്കുന്നതാണ്. എന്നാൽ പുനർനിയമനത്തിന് അർഹനായിരിക്കുന്നതാണ്.

** ** ** **

(12) രാജിവയ്ക്കുന്നതു മുഖേനയോ അല്ലാതെയോ വൈസ്-ചാൻസലറുടെ തസ്തിക സ്ഥിരമായി ഒഴിയുകയാണെങ്കിൽ (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ആ ഒഴിവ് നികത്തേണ്ടതും അങ്ങനെ നിയമിക്കപ്പെടുന്ന വൈസ്-ചാൻസലർ മുഴുവൻ കാലാവധിയായ അഞ്ചുവർഷവും സ്ഥാനം വഹിക്കേണ്ടതുമാണ്.

34. <u>വൈസ്-ചാൻസലറുടെ അധികാരങ്ങളും കർത്തവ്യങ്ങളും</u>.—

** ** **

(5) സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ബഡ്ജറ്റ് എസ്റ്റിമേറ്റും കണക്കുകളുടെ സ്റ്റേറ്റ്മെന്റും ബാലൻസ് ഷീറ്റും നൽകുന്നതിന് വൈസ്-ചാൻസലർ ഉത്തരവാദിയായിരിക്കുന്നതാണ്.

(6) വൈസ്-ചാൻസലർക്ക് താൻ സത്വര നടപടി എടുക്കേണ്ടതായ ഏതെങ്കിലും അടിയന്തിര സാഹചര്യം സംജാതമായിട്ടുണ്ടെന്ന് അഭിപ്രായമുള്ളപക്ഷം അദ്ദേഹത്തിന് ഏതൊരു നടപടിയും എടുക്കാവുന്നതും അങ്ങനെയുള്ള സംഗതിയിൽ അപ്രകാരമെടുത്ത നടപടി, ആ വിഷയം സാധാരണയായി കൈകാര്യം ചെയ്യുന്ന അധികാരസ്ഥാനത്തിനോ നികായത്തിനോ ഉദ്യോഗസ്ഥനോ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

** ** ** **

(8) സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടേയും മറ്റ് ജീവനക്കാരുടേയും നിയമനം, സസ്പെൻഷൻ, നീക്കം ചെയ്യൽ എന്നിവ സംബന്ധിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്റെ ഉത്തരവുകൾക്ക് വൈസ് ചാൻസലർ പ്രാബല്യം നൽകേണ്ടതാണ്.

** ** ** **

(11) സർവ്വകലാശാലാ ഗവേണിംഗ് കൗൺസിലിന്റെ ഔപചാരികമായ സാധൂകരണത്തിന് വിധേയമായി, വൈസ്-ചാൻസലർക്ക് സർവ്വകലാശാലയുടെ അദ്ധ്യാപകരേയും മറ്റ് ജീവനക്കാരേയും സസ്പെന്റ് ചെയ്യുന്നതിനും അവർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതിനും അധികാരമുണ്ടായിരിക്കുന്നതാണ്.

** ** ** **

35. <u>പ്രോ ചാൻസലർ.</u>—(1) ചാൻസലർ, വൈസ്-ചാൻസലറുമായ കൂടിയാലോചിച്ച് മത്സ്യബന്ധനത്തിന്റേയോ സമുദ്രപഠനങ്ങളുടെയോ മേഖലയിൽ ശ്രേഷ്ഠനായ ഒരു വ്യക്തിയെ സർവ്വകലാശാലയുടെ പ്രോ ചാൻസലറായി നിയമിക്കേണ്ടതാണ്.

(2) പ്രോ ചാൻസലറുടെ കാലാവധി അഞ്ചുവർഷമോ അല്ലെങ്കിൽ അദ്ദേഹത്തിന് അറുപത് വയസ്സ് തികയുന്നതുവരെയോ ഏതാണോ ആദ്യം വരുന്നത്,

അതുവരെയായിരിക്കുന്നതാണ്. എന്നാൽ, തുടർച്ചയായി രണ്ട് കാലാവധിയിൽ കൂടുതൽ ഒരാളെ പ്രോ ചാൻസലറായി നിയമിക്കുവാൻ പാടില്ലാത്തതാകുന്നു.

(3) പ്രോ ചാൻസലർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥൻ ആയിരിക്കുന്നതും ശമ്പളവും ബത്തകളുമുൾപ്പെടുന്ന അദ്ദേഹത്തിന്റെ സേവനത്തിന്റെ വ്യവസ്ഥകൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതുമാണ്.

** ** ** **

(5) (1)-ാം ഉപഖണ്ഡത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ആദ്യ പ്രോ-വൈസ് ചാൻസലറെ അഞ്ചു വർഷത്തിൽ കൂടാതെയുള്ള കാലാവധിയിലേക്ക് അപ്രകാരമുള്ള വ്യവസ്ഥകളിൻമേലും ഉപാധികളിന്മേലും സർക്കാർ നിയമിക്കേണ്ടതാണ്.

36.ഡീൻ.—(1) പ്രൊഫസർ പദവിയിൽ താഴെയല്ലാത്തതും സ്റ്റാറ്റ്യൂട്ടിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകളും അദ്ധ്യാപന പരിചയവുമുള്ള ഒരാളെ ഫാക്കൽറ്റിയുടെ ഡീനായി നിയോഗിക്കാവുന്നതാണ്.

(2) ഡീൻ സർവ്വകലാശാലയുടെ അക്കാഡമിക് ഉദ്യോഗസ്ഥനായിരിക്കും.

(3) അക്കാഡമിക് പുരോഗതി നേടിയെടുക്കുന്നതിനും അദ്ധ്യാപനത്തിന്റെ നിലവാരം കാത്തുസൂക്ഷിക്കുന്നതിനും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും അക്കാഡമിക് കൗൺസിൽ അംഗീകരിച്ച അക്കാഡമിക് നയങ്ങൾ നടപ്പിലാക്കുന്നതിനും ഡീൻ ഉത്തരവാദിയാണ്.

(4) ഓരോ ഫാക്കൽറ്റിയുടേയും ഡീനിനെ ഫാക്കൽറ്റി മെമ്പർമാരിൽ നിന്ന് വൈസ്-ചാൻസലർ നാമനിർദ്ദേശം ചെയ്യുന്നതാണ്.

(5) വൈസ് ചാൻസലറുമായി ആലോചിച്ച് ആവശ്യംവരുന്ന മുറയ്ക്ക് ഫാക്കൽറ്റി മീറ്റിംഗുകൾ വിളിച്ചുകൂട്ടേണ്ടതും അങ്ങനെയുള്ള മീറ്റിംഗുകളിൽ അദ്ധ്യക്ഷം വഹിക്കേണ്ടതും ഡീനിന്റെ ചുമതലയായിരിക്കുന്നതാണ്.

** ** ** **

(10) അതാത് ഫാക്കൽറ്റികളുമായി ബന്ധപ്പെട്ട ഡീനിന് ഫെലോഷിപ്പുകൾ, സ്കോളർഷിപ്പുകൾ, മറ്റംഗീകാരങ്ങൾ എന്നിവയ്ക്കായി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതും ആയത് അക്കാഡമിക് കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാവുന്നതുമാണ്.

** ** ** **

38. <u>ഫൈനാൻസ് ഓഫീസർ.</u>—(1) ഫൈനാൻസ് ഓഫീസർ സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും സർവകലാശാല ഗവേണിംഗ് കൗൺസിൽ അതിന് യുക്തമെന്ന് കരുതുന്ന അപ്രകാരമുള്ള കാലയളവിലേക്കും വ്യവസ്ഥകളിലും നിയമിക്കേണ്ടതുമാണ്.

** ** ** **

41. <u>പരീക്ഷാ കൺട്രോളർ.</u>—(1) സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള ആവശ്യത്തിലേക്കായി രൂപീകരിക്കപ്പെട്ട ഒരു സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ, വൈസ്-ചാൻസലർ പരീക്ഷാ കൺട്രോളറെ നിയമിക്കേണ്ടതാണ്. പരീക്ഷാ കൺട്രോളർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കേണ്ടതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള നിയന്ത്രണത്തിനുകീഴിൽ ജോലി ചെയ്യേണ്ടതുമാണ്.

(2) പരീക്ഷാ കൺട്രോളറുടെ നിയമന കാലാവധി അഞ്ചു വർഷം ആയിരിക്കുന്നതും അദ്ദേഹം പുനർനിയമനത്തിന് അർഹനായിരിക്കുന്നതുമാണ്.

** ** ** **

42. <u>റിസർച്ച് ഡയറക്ടർ.</u>—(1)

** ** ** **

(4) റിസർച്ച് ഡയറക്ടർ, 46-ാം വകുപ്പിൽ പ്രതിപാദിച്ചിരിക്കുന്ന റിസർച്ച് പ്രോഗ്രാമുകളുടെ മേൽനോട്ടത്തിനും ഏകീകരണത്തിനും, റിസർച്ച് കേന്ദ്രങ്ങളുടെ ഫലപ്രദമായ പ്രവർത്തനത്തിനും ബാധ്യസ്ഥനായിരിക്കുന്നതാണ്.

** ** ** **

44. <u>സ്കൂൾ ഡയറക്ടർ.</u>—(1) ഓരോ സ്കൂളിനും ഒരു ഡയറക്ടർ ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തെ നിർണ്ണയിക്കപ്പെട്ട പ്രകാരം നിയമിക്കേണ്ടതുമാണ്.

എന്നാൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന്, ഒരു സ്കൂൾ ഡയറക്ടർ ഒന്നിലധികം സ്കൂളുകളുടെ ചുമതല വഹിക്കേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

(2) ഡയറക്ടർ, സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും, നിർണ്ണയിക്കപ്പെട്ടപ്രകാരം അങ്ങനെയുള്ള കാലയളവിലേക്ക് ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(3) ഡയറക്ടറുടെ ശമ്പളവും മറ്റ് സേവന വ്യവസ്ഥകളും വ്യവസ്ഥകൾക്കനുസൃതമായി നിർണ്ണയിക്കപ്പെട്ട പ്രകാരമായിരിക്കേണ്ടതാണ്.

(4) ഡയറക്ടർ, സ്കൂളിന്റെ ചീഫ് എക്സിക്യൂട്ടീവായിരിക്കേണ്ടതും അദ്ദേഹത്തിന്റെ കീഴിലുള്ള സ്കൂൾ ഗവേണിംഗ് കൗൺസിലിന്റെ ചെയർമാനായിരിക്കേണ്ടതും സ്കൂളുമായി ബന്ധപ്പെട്ട സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ, എന്നിവയുടെ ശരിയായ നിരീക്ഷണത്തിന് വൈസ് ചാൻസലറോട് ഉത്തരവാദിയായിരിക്കേണ്ടതുമാണ്. അദ്ദേഹം റിസർച്ച് ഡയറക്ടറും എക്സ്റ്റൻഷൻ ഡയറക്ടറും ഉൾപ്പെടെയുള്ള മറ്റ് ആഫീസർമാരുമായി അടുത്ത് പ്രവർത്തിക്കേണ്ടതും പൊതുവെ സ്കൂൾ വകുപ്പ് തലവന്മാർ, സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ എന്നിവർ മുഖേന പ്രവർത്തിക്കേണ്ടതുമാണ്.

(5) ഡയറക്ടർ, അങ്ങനെയുള്ള മറ്റു കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ടതും തന്റെ സ്കൂളിന്റെ ശരിയായ പ്രവർത്തനത്തിന് അത്യാവശ്യമായി സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തന്നെ ചുമതലപ്പെടുത്താവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ വഹിക്കേണ്ടതുമാണ്.

45. <u>വകുപ്പ് മേധാവി.</u>—(1) ഓരോ വകുപ്പിനും ഒരു മേധാവി ഉണ്ടായിരിക്കേണ്ടതും അദ്ദേഹത്തിന്റെ നിയമനവും അധികാരങ്ങളും കർത്തവ്യങ്ങളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെട്ടപ്രകാരം ആയിരിക്കേണ്ടതുമാണ്.

(2) വകുപ്പ് മേധാവി എക്സിക്യൂട്ടീവ് മേധാവി ആയിരിക്കുന്നതും അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പിന്റെ സ്റ്റാറ്റ്യൂട്ടുകൾ, ഓർഡിനൻസുകൾ, റഗുലേഷനുകൾ, എന്നിവയുടെ വിശ്വസ്തമായ നിരീക്ഷണത്തിനും അദ്ധ്യാപന ഗവേഷണ വ്യാപന പ്രവർത്തനങ്ങളുടെ രൂപീകരണത്തിനും നടത്തിപ്പിനും ഉത്തരവാദിയായിരിക്കുന്നതുമാണ്.

(3) വകുപ്പ് മേധാവി, സ്കൂൾ ഡയറക്ടറോട് തന്റെ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ള അദ്ധ്യാപന ഗവേഷണ വ്യാപന പരിപാടികളുടെ പ്രവർത്തനങ്ങളുടെ ഉത്തരവാദിയുമായിരിക്കുന്നതാണ്.

** ** ** **

49. <u>പ്രവർത്തനങ്ങളുടെ ഏകോപനം.</u>— (1)** ** **

(2) ** ** **

(3) പ്രവർത്തനങ്ങളുടെ അനാവശ്യമായ ആവർത്തനങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി സർവ്വകലാശാലയിലെ വിവിധ സ്കൂളുകളിൽ നിന്നും നൽകപ്പെടുന്ന വിവിധ പാഠ്യപദ്ധതികളും കോഴ്സുകളും തമ്മിൽ സമുചിതമായ പരസ്പരബന്ധം ഉറപ്പുവരുത്തേണ്ടതും സർവ്വകലാശാലയുടെ വിഭവശേഷിക്കുള്ളിൽ നിന്ന് വിദ്യാർത്ഥികൾക്ക് മികച്ച കോഴ്സുകളെയും ബോധന വിഭാഗങ്ങളെയും ലഭ്യമാക്കേണ്ടതും വൈസ്-ചാൻസലറുടെ ഉത്തരവാദിത്വത്തിൽപ്പെടുന്നു.

** ** ** **

50. <u>അദ്ധ്യാപകരുടെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം.</u>

(5) ** ** **

(6) ഡീൻ, സ്കൂൾ ഡയറക്ടർമാർ, റിസർച്ച് ഡയറക്ടർ, എക്സ്റ്റൻഷൻ ഡയറക്ടർ, പ്രാദേശിക കേന്ദ്രങ്ങളുടെ ഡയറക്ടർ, പ്രൊഫസർമാർ, സർവ്വകലാശാലയിലെ മറ്റു വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകർ എന്നിവരുടെ സാധാരണ വിരമിക്കൽ പ്രായം അറുപത് വയസ്സ് ആയിരിക്കുന്നതാണ്.

(7) ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ, (6)-ാം ഉപവകുപ്പിൽ പ്രതിപാദിച്ചിട്ടുള്ളവർ എന്നിവരൊഴികെയുള്ള, സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സാധാരണ വിരമിക്കൽ പ്രായം അൻപത്തഞ്ച് വയസ്സ് ആയിരിക്കുന്നതാണ്.

** ** ** **

52. <u>പ്രവേശനവും പരീക്ഷയും.</u>—(1) സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള സർക്കാരിന്റെ സംവരണനയത്തിന് വിധേയമായി, സർവ്വകലാശാല വകുപ്പുകളിലേക്കും കോളേജുകളിലേക്കും സ്കൂളുകളിലേയ്ക്കുമുള്ള എല്ലാ കോഴ്സുകൾക്കുമുള്ള പ്രവേശനം, സർക്കാർ ഏതെങ്കിലും ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവയ്ക്കനുസൃതമായി മത്സര പരീക്ഷയുടെ അടിസ്ഥാനത്തിൽ നടത്തേണ്ടതാണ്:

എന്നാൽ സംസ്ഥാനത്തൊട്ടാകെയുള്ള വിദ്യാർത്ഥികളുടെ താൽപ്പര്യാർത്ഥം സർക്കാർ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിൽ, സർവ്വകലാശാല അവ സ്വീകരിക്കേണ്ടതും ഏത് അക്കാഡമിക് സെക്ഷൻ ആരംഭിക്കുന്നതിനും കുറഞ്ഞത് ആറുമാസം മുമ്പെങ്കിലും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

എന്നുമാത്രമല്ല, അച്ചടക്കം പാലിക്കുന്നത് സംബന്ധിച്ച്, ബന്ധപ്പെട്ട അധികാരസ്ഥാനത്തിന് ഒരു വിദ്യാർത്ഥിക്ക് പ്രവേശനം നിരസിക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

** ** ** **

60. <u>സർവ്വകലാശാല അപ്പലേറ്റ് ട്രൈബ്യൂണൽ.</u>—(1) ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ രൂപീകരിക്കേണ്ടതാണ്.

(2) അപ്പലേറ്റ് ട്രൈബ്യൂണൽ, ഹൈക്കോടതിയുമായി കൂടിയാലോചിച്ചതിനുശേഷം ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന, ജില്ലാ ജഡ്ജിയുടെ പദവിയിൽ കുറയാത്ത ഒരു ന്യായാധിപൻ ആയിരിക്കേണ്ടതാണ്.

(3) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ഔദ്യോഗിക കാലാവധി അതിനെ നാമനിർദ്ദേശം ചെയ്ത തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുന്നതാണ്.

(4) അപ്പലേറ്റ് ട്രൈബ്യൂണലിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ നടപടിക്രമം ക്രമപ്പെടുത്തുന്നതിനും കാര്യനിർവ്വഹണത്തിനുംവേണ്ടി റഗുലേഷനുകൾ ഉണ്ടാക്കാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്. അങ്ങനെ ഉണ്ടാക്കിയിട്ടുള്ള റഗുലേഷനുകൾ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

(5) അപ്പലേറ്റ് ട്രൈബ്യൂണലിന്റെ വേതനവും മറ്റു സേവന വ്യവസ്ഥകളും സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമായിരിക്കുന്നതാണ്.

** ** ** **

64. <u>ഫൈനാൻസ് കമ്മിറ്റി.</u>—(1) സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ, വൈസ് ചാൻസലർ, ഗവൺമെന്റ് ഫൈനാൻസ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഫൈനാൻസ് ഓഫീസർ കൂടാതെ സർവ്വകലാശാല ഗവേണിംഗ് കൗൺസിൽ തിരഞ്ഞെടുത്ത രണ്ട് അംഗങ്ങൾ, അവരിൽ ഒരാൾ അതിന്റെ അനൗദ്യോഗിക അംഗങ്ങളിൽ നിന്നും മറ്റെയാൾ അതത് മേഖലയിൽ പ്രഗൽഭ്യമുള്ള എക്സ്-ഒഫീഷ്യോ അംഗങ്ങളുടെ ഇടയിൽ നിന്നും, എന്നിവരടങ്ങുന്ന ഒരു ഫൈനാൻസ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഫൈനാൻസ് കമ്മിറ്റി മൂന്നുമാസത്തിലൊരിക്കൽ യോഗം ചേരേണ്ടതാണ്.

(2) ഫൈനാൻസ് കമ്മിറ്റിക്ക് താഴെപ്പറയുന്ന അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്, അതായത്;—

(എ) സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ പരിശോധിക്കുകയും അതിൻമേൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഉപദേശം നൽകുകയും ചെയ്യുക;

(ബി)സർവ്വകലാശാലയുടെ വാർഷിക ബഡ്ജറ്റ് നിർദ്ദേശങ്ങള് പരിശോധിക്കുകയും അതിൻമേൽ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ഉപദേശം നൽകുകയും ചെയ്യുക;

(സി) സർവ്വകലാശാലയുടെ സാമ്പത്തിക സ്ഥിതി കാലാകാലങ്ങളിൽ പുനരവലോകനം ചെയ്യുക;

(ഡി) സർവ്വകലാശാലയുടെ എല്ലാ സാമ്പത്തിക കാര്യങ്ങളെയും സംബന്ധിച്ച് സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ശുപാർശകൾ സമർപ്പിക്കുക;

(ഇ) ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലാത്ത ചിലവിനെ സംബന്ധിക്കുന്ന എല്ലാ നിർദ്ദേശങ്ങളിലുമോ അല്ലെങ്കിൽ ബഡ്ജറ്റിൽ വക കൊള്ളിച്ചതിലും കൂടുതൽ ഉണ്ടായ ചെലവിനെ സംബന്ധിച്ചോ സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് ശുപാർശ സമർപ്പിക്കുക.

** ** ** **

66 . സ്റ്റാറ്റ്യൂട്ടുകൾ.—(1 ) ** ** **

(2) സ്റ്റാറ്റ്യൂട്ടുകളിൽ ഇനി പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് -

** ** ** **

(v) സർവ്വകലാശാല സ്കൂളുകൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ അല്ലെങ്കിൽ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ, ഉന്നതപഠനത്തിനുള്ള സ്ഥാപനങ്ങൾ, ഗവേഷണത്തിനോ വിദഗ്ധപഠനത്തിനോ വേണ്ടിയുള്ള കേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ എന്നിവ സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ;

** ** ** **

(viii) സ്കൂളുകൾ, വകുപ്പുകൾ, സ്ഥാപനങ്ങൾ അല്ലെങ്കിൽ കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ,കേന്ദ്രങ്ങൾ എന്നിവയുടെ നിർത്തലാക്കലും;

** ** ** **

(xii) സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി സർവ്വകലാശാല സ്കൂളുകൾ, വകുപ്പുകൾ, കോളേജുകൾ, അംഗീകൃതസ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വയംഭരണാവകാശം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

** ** ** **

68. ഓർഡിനൻസുകൾ.—ഈ ആക്റ്റിലോ അതിൻകീഴിലോ നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്കു വിധേയമായി, ഗവേണിംഗ് കൗൺസിലിന് ഇനി പറയുന്നവയിൽ എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി ഓർഡിനൻസുകൾ ഉണ്ടാക്കാവുന്നതാണ്, അതായത്.-

** ** ** **

(vi) സർവ്വകലാശാല വകുപ്പുകളിലെയും സ്കൂളുകളിലെയും കോളേജുകളിലെയും അദ്ധ്യാപകരുടെ തരംതിരിക്കലിനും വിവിധ വകുപ്പുകളിലെ അദ്ധ്യാപകരുടെ അംഗസംഖ്യക്കും അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും ജോലിഭാരത്തിനും;

** ** ** **

69. <u>ഓർഡിനൻസുകൾ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമം.</u>—ഇതിനുശേഷം വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിൽ ഗവേണിംഗ് കൗൺസിലിന് ഓർഡിനൻസുകൾ ഉണ്ടാക്കുകയോ ഭേദഗതി വരുത്തുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ് ;

(i) മുകളിലെ 42 - ാം വകുപ്പിന്റെ (i) മുതൽ (iv) വരെയുള്ള ഖണ്ഡങ്ങളിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങളെയോ അല്ലെങ്കിൽ സർവ്വകലാശാലയ്ക്കുള്ളിലെ പരീക്ഷകളുടെയും അദ്ധ്യയനത്തിന്റെയും നിലവാരം പുലർത്തുന്നതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യങ്ങളെ സംബന്ധിച്ചോ ഉള്ള യാതൊരു ഓർഡിനൻസും അതിന്റെ കരട് അക്കാഡമിക് കൗൺസിൽ പരിഗണിക്കാത്തപക്ഷം, ഗവേണിംഗ് കൗൺസിൽ ഉണ്ടാക്കുവാൻ പാടില്ല ;

** ** ** **

71. <u>ഉത്തരവുകൾ.</u>—(1) ഈ ആക്റ്റിലേയോ സ്റ്റാറ്റ്യൂട്ടുകളിലെയോ ഓർഡിനൻസുകളിലേയോ റഗുലേഷനുകളിലെയോ വ്യവസ്ഥകൾ പ്രകാരം കോളേജുകളുടേയും സ്കൂളുകളുടേയും മറ്റ് കമ്മിറ്റികളുടേയും മറ്റ് നികായങ്ങളുടെയും മാർഗ്ഗനിർദ്ദേശത്തിനും പ്രവർത്തനത്തിനും സർവ്വകലാശാലയുടെ ഏതെങ്കിലും അധികാരസ്ഥാനത്തിന്റെ യോഗങ്ങളിലെ നടപടിക്രമവും കാര്യനിർവ്വഹണവും ക്രമപ്പെടുത്തുന്നതിനുവേണ്ടിയും ഈ ആക്റ്റിലെയും സ്റ്റാറ്റ്യൂട്ടുകളിലെയും ഓർഡിനൻസുകളിലെയും റഗുലേഷനുകളിലേയും വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത ഉത്തരവുകൾ ഉണ്ടാക്കുന്നതിനും സർവ്വകലാശാല ഗവേണിംഗ് കൗൺസിലിന് അധികാരമുണ്ടായിരിക്കുന്നതാണ്.

** ** ** **

## ഖണ്ഡങ്ങളിന്മേലുള്ള കുറിപ്പുകൾ

<u>2-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിലെ ശീർഷകത്തിൽ ഉപയോഗിച്ചിട്ടുള്ള ചില പദ പ്രയോഗങ്ങൾക്ക് പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>3-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിൻ പീഠികയിൽ ഉപയോഗിച്ചിട്ടുള്ള ചില പദപ്രയോഗങ്ങൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>4-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിലെ 1-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ ഉപയോഗിച്ചിട്ടുള്ള ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റുചില വാക്കുകളും പദപ്രയോഗങ്ങളും ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>5-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിലെ 2-ാം വകുപ്പിൽ നിർവ്വചിച്ചിട്ടുള്ള ചില വാക്കുകളും പദപ്രയോഗങ്ങളും ഭേദഗതി ചെയ്യുവാനും നിലവിലുള്ള ഖണ്ഡങ്ങൾ വിട്ടുകളയുവാനും, പുതിയവ ചേർക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

6-ാം ഖണ്ഡം.—പ്രധാന ആക്റ്റിന്റെ 3-ാം വകുപ്പിന്റെ ഉപവകുപ്പ് (1) ലും (2) ലും ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റ് ചില പദപ്രയോഗങ്ങൾ കൂടി ചേർക്കുന്നതിനും (6)-ാം ഉപവകുപ്പും ക്ലിപ്ത നിബന്ധനയും ചേർക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

7-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 5-ാം വകുപ്പിന്റെ 4-ാം ഇനത്തിൽ ചില വാക്കുകൾക്കും പദപ്രയോഗങ്ങൾക്കു പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കുവാനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

8-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ ചില ഖണ്ഡങ്ങൾ വിട്ടുകളയുന്നതിനും മറ്റു ചില ഖണ്ഡങ്ങൾ ഭേദഗതി ചെയ്യുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

9-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 8-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ ചില വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കുന്നതിനും (7)-ഉം (8)ഉം ഉപവകുപ്പുകൾക്ക് പകരം പുതിയ ഉപവകുപ്പുകൾ ചേർക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

10-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 9-ാം വകുപ്പിലെ ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

11-ാം ഖണ്ഡം..—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ ഉപയോഗിച്ചിട്ടുള്ള ചില പദപ്രയോഗങ്ങൾക്കു പകരം മറ്റ് ചില പദപ്രയോഗങ്ങൾ ചേർത്തുകൊണ്ട് ഭേദഗതി വരുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

12-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 12-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

13-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ ചില ഭേദഗതികൾ ചേർക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

14-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 14-ാം വകുപ്പിലെ ചില ഉപവകുപ്പുകൾ ഭേദഗതി ചെയ്യുവാനും പുതിയ ഒരു ഉപവകുപ്പ് കൂട്ടിച്ചേർക്കുവാനും ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

15-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

16-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ച് കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

17-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 18-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

18-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിന്റെ (1)ഉം (2)ഉം ഉപവകുപ്പുകൾ ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

19-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 19-ാം വകുപ്പിന് ശേഷം 19 എ എന്ന പുതിയ വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

20-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പ് വിട്ടുകളയുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

21-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 21-ാം വകുപ്പ് വിട്ടുകളയുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

22-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് വിട്ടുകളയുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

23-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 23-ാം വകുപ്പ് വിട്ടുകളയുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

24-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 24-ാം വകുപ്പ് വിട്ടുകളയുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

25-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിന്റെ (2), (3), (4), (5), (6) എന്നീ ഉപവകുപ്പുകൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

26-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 25-ാം വകുപ്പിന് ശേഷം 25 എ എന്ന വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

27-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 26-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

28-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 30-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം

29-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 33-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

30-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 34-ാം വകുപ്പിലെ (5), (6), (8) ഉപവകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനും (11)-ാം ഉപവകുപ്പ് വിട്ടുകളയുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

31-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 35-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

32-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 36-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

33-ാം ഖണ്ഡം..—പ്രധാന ആക്റ്റിലെ 38-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

34-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 41-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് ഭേദഗതി ചെയ്യുവാനും (2)-ാം ഉപവകുപ്പ് വിട്ടുകളയുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

35-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 42-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

36-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 44-ാം വകുപ്പ് വിട്ടുകളയാൻ ഉദ്ദേശിച്ചുകകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

37-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 45-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

38-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 45-ാം വകുപ്പിന് ശേഷം 45 എ എന്ന വകുപ്പ് ചേർക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

39-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 49-ാം വകുപ്പിൽ ഉപയോഗിച്ചിട്ടുള്ള ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റു ചില പദപ്രയോഗങ്ങൾ ചേർക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ ഖണ്ഡം.

40-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 50-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

41-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 52-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ 2-ാം ക്ലിപ്തനിബന്ധന വിട്ടുകളയാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

42-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 60-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

43-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 64-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം

44-ാം ഖണ്ഡം.—പ്രധാന ആക്റ്റിലെ 66-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിലെ (v) (viii) (xii) എന്നീ ഖണ്ഡങ്ങൾ വിട്ടുകളയുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>45-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിലെ 68-ാം വകുപ്പിന്റെ iv-ാം ഇനത്തിൽ ചില പദപ്രയോഗങ്ങൾക്ക് പകരം മറ്റു ചില പ്രയോഗങ്ങൾ ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>46-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിലെ 69-ാം വകുപ്പ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>47-ാം ഖണ്ഡം.</u>—പ്രധാന ആക്റ്റിലെ 71-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ ഉപയോഗിച്ചിട്ടുള്ള പദപ്രയോഗങ്ങൾക്ക് പകരം മറ്റു ചില പദപ്രയോഗങ്ങൾ ചേർക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.

<u>48-ാം ഖണ്ഡം.</u>—റദ്ദാക്കലും ഒഴിവാക്കലും വ്യവസ്ഥ ചെയ്യുകൊണ്ടുള്ളതാണ് ഈ ഖണ്ഡം.